I ഇ.ബി. XV - കേരള നിയമസഭ/X-9

പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2024 ഫെബ്രുവരി 13, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I അടിയന്തരപ്രമേയം**

സപ്ലൈകോയിലെ സാമ്പത്തിക പ്രതിസന്ധി

മി. സ്പീക്കർ: സപ്ലൈകോ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതുമൂലവും സപ്ലൈകോ ഔട്ട്ലെറ്റുകളിൽ സബ്സിഡി സാധനങ്ങൾ ലഭ്യമല്ലാത്തതുമൂലവും ജനങ്ങളിൽ ഉളവായിട്ടുള്ള ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, എൻ. എ. നെല്ലിക്കുന്ന്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി.

കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): നാല്പത് ലക്ഷത്തോളം കുടുംബങ്ങളാണ് സപ്ലൈകോയെ ആശ്രയിക്കുന്നത്. ഇതുവഴി പ്രതിമാസം 35 കോടിയിലധികം രൂപയുടെ സബ്സിഡി ബാധ്യത സർക്കാരിനുണ്ടാകുന്നു. വിപണി ഇടപെടൽ നടത്തി വിലക്കയറ്റം പിടിച്ചുനിർത്തുകയെന്നത് സപ്ലൈകോയുടെ ദൗത്യങ്ങളിലൊന്ന് മാത്രമാണ്. കൺസ്യൂമർ ഉല്പന്നങ്ങൾ 5-30 ശതമാനം വരെയും ശബരി ഉല്പന്നങ്ങൾ 10-25 ശതമാനം വരെയും ഔഷധങ്ങൾ 13-40 ശതമാനം വരെയും വിലക്കുറവിൽ സപ്ലൈകോ ലഭ്യമാക്കുന്നുണ്ട്. സപ്ലൈകോ ഔട്ട്ലെറ്റുകളിൽ സബ്സിഡി സാധനങ്ങളുടെ ലഭ്യതയിൽ മാത്രമാണ് സമീപ ദിവസങ്ങളിൽ കുറവ് വന്നിട്ടുള്ളത്. സപ്ലൈകോ തകർച്ചയിലാണെന്ന് വരുത്തിത്തീർത്ത് ചില്ലറ വില്പന മേഖലയിലേയ്ക്ക് കടന്നുകയറാൻ കുത്തക കമ്പനികൾ ശ്രമിക്കുന്നുണ്ട്. താല്ക്കാലികമായി സംജാതമായിട്ടുള്ള ഇത്തരം പ്രയാസങ്ങൾ ദൂരീകരിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ഷാഫി പറമ്പിൽ: സപ്ലൈകോ ഔട്ട്ലെറ്റുകളിൽ സബ്സിഡി നിരക്കിൽ വിൽക്കുന്ന അവശ്യ സാധനങ്ങളുടെ അളവിൽ കുറവ്

വന്നിട്ടുണ്ടെന്ന് ബഹു. മന്ത്രി തന്നെ വ്യക്തമാക്കിയിട്ടുണ്ട്. വിപണി ഇടപെടലിനായി 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ 180 കോടി രൂപ വകയിരുത്തിയെങ്കിലും സപ്ലൈകോയ്ക്ക് തുക കൈമാറിയിട്ടില്ല. 1507 കോടി രൂപ കുടിശ്ശികയിനത്തിൽ സർക്കാരിൽനിന്നും സപ്ലൈകോയ്ക്ക് ലഭിക്കാനുണ്ട്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് 677 കോടി രൂപയും വാതിൽപ്പടി വിതരണവുമായി ബന്ധപ്പെട്ട് 281 കോടി രൂപയും കുടിശ്ശികയിനത്തിൽ സപ്ലൈകോയ്ക്ക് അനുവദിക്കാനുണ്ട്. 2023-24 സാമ്പത്തിക വർഷം 13 ഇനം സബ്സിഡി സാധനങ്ങൾ വാങ്ങുന്നതിനായി നീക്കിവച്ച തുകയിൽ 862 കോടി രൂപയുടെ കുറവാണ് വരുത്തിയിട്ടുള്ളത്. സപ്ലൈകോയ്ക്ക് സാധനങ്ങൾ നൽകിയ വകയിൽ 792 കോടിരൂപ വിതരണക്കാർക്ക് നൽകാനുണ്ട്. സപ്ലൈകോ വഴിയുള്ള നെല്ല് സംഭരണത്തിനായി ബജറ്റിൽ തുക അധികമായി അനുവദിച്ചിട്ടില്ല. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് വിതരണം ചെയ്യുന്ന പി.ആർ.എസ്. വായ്പ കുടിശ്ശിക വരുത്തുന്നതിലൂടെ കർഷകരുടെ സിബിൽ സ്കോറിൽ കുറവുവന്നിരിക്കുകയാണ്. സംഭരിക്കുന്ന നെല്ലിന്റെ വില ഒരാഴ്ചയ്ക്കുള്ളിൽ കർഷകന് നേരിട്ട് ലഭ്യമാക്കണം. സപ്ലൈകോയ്ക്ക് നൽകേണ്ട തുക പൂർണ്ണമായും കൊടുത്തുതീർക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (<u>ശ്രീ. ജി. ആർ. അനിൽ</u>): സപ്ലൈകോ 25 പുതിയ വിൽപ്പനശാലകൾ ആരംഭിക്കുകയും 70 ഔട്ട്ലെറ്റുകൾ നവീകരിച്ച് അപ്ഗ്രേഡ് ചെയ്യുകയും നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് ഫലപ്രദമായ വിപണിയിടപെടൽ നടത്തുകയും ചെയ്തിട്ടുണ്ട്. 2011-16 കാലയളവിൽ വിപണിയിടപെടലുമായി ബന്ധപ്പെട്ട് സപ്ലൈകോയ്ക്ക് 347 കോടി രൂപയുടെ ബാധ്യതയാണുണ്ടായിരുന്നത്. സപ്ലൈകോ വഴി വിതരണം ചെയ്യുന്ന 13 ഇനം സബ്സിഡി സാധനങ്ങളുടെ വിലയിൽ നാളിതുവരെ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. നെൽ കർഷകർക്ക് ഏറ്റവുമധികം വില നൽകുന്ന സംസ്ഥാനമാണ് കേരളം. പി.ആർ.എസ്. വായ്പ വ്യവസ്ഥകൾ ഉദാരമാക്കാനുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. സപ്ലയർമാർക്ക് പണം നൽകുന്നതിന് ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് ധാരണയായിട്ടുണ്ട്. സപ്ലൈകോയെ സംരക്ഷിക്കാൻവേണ്ട എല്ലാ നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ്, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധ ക്ഷണിക്കൽ

### (1) സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോബ് മൈക്കിൾ: കേന്ദ്ര സർക്കാർ നിർത്തലാക്കിയ സഞ്ചയ സമ്പാദ്യ പദ്ധതിക്ക് ബദലായി സംസ്ഥാനത്താരംഭിച്ച സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം 410 സ്കൂളുകളിൽ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. പദ്ധതിയുടെ കൃത്യമായ നടത്തിപ്പിലൂടെ വലിയൊരു തുക ട്രഷറി നിക്ഷേപം ലഭിക്കുകയും അത് സ്കൂളിന്റെ വികസനത്തിനും വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനും സഹായകരമാവുകയും ചെയ്യുമെന്നതിനാൽ സംസ്ഥാനത്തെ എല്ലാ സർക്കാർ-എയ്ഡഡ് സ്കൂളുകളിലും സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം നടപ്പിലാക്കാൻ കർശന നിർദ്ദേശം നൽകണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സ്കൂൾ വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്താനായി ആരംഭിച്ച സ്റ്റുഡന്റ്സ്

സേവിംഗ്സ് സ്കീമിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് പരിശോധിച്ച് കൂടുതൽ ആകർഷണീയവും വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സ്കൂളുകളുടെ വികസനത്തിനായി പൂർവ്വ വിദ്യാർത്ഥി സംഘടനകളിൽനിന്നും സി.എസ്.ആർ. ഫണ്ട് വഴിയും പ്രത്യേക ഫണ്ട് സ്വരൂപിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

## (2) <u>എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരെ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 0.38 ശതമാനവും എയ്ഡഡ് കോളേജുകളിൽ 0.54 ശതമാനവുംപേരാണ് ജോലിചെയ്തുവരുന്നത്. പി.എച്ച്.ഡി./എം.ഫിൽ യോഗ്യതയുള്ള 8,352-ഉം ബി.എഡ്./ടി.ടി.സി. പാസ്സായ പതിനായിരത്തിലധികവും പട്ടികജാതി-പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ സംസ്ഥാനത്തുണ്ട്. എയ്ഡഡ് സ്ഥാപനങ്ങളിലും ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള കോളേജുകളിലും പട്ടികജാതി-പട്ടികവർഗ്ഗ സംവരണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ):

സംസ്ഥാനത്തെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപകരുടെ എണ്ണത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ വളരെ കുറവാണെന്നത് വസ്തുതയാണ്. നിയമനങ്ങളിൽ സംവരണതത്വം പാലിക്കണമെന്നുള്ള യു.ജി.സി ഗൈഡ്‌ലൈൻസിനെതിരെ സ്വകാര്യ മാനേജ്‌മെന്റുകൾ ഹൈക്കോടതിയിൽനിന്നും അനുകൂല വിധി സമ്പാദിച്ചിട്ടുണ്ട്. ഇതിനെതിരെ സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ സമർപ്പിച്ചിട്ടുള്ള റിട്ട് പെറ്റീഷന്റെ വിധിക്കനുസൃതമായി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## III സബ്മിഷൻ

### (1) ടണലുകളുടെ മോഡിഫിക്കേഷൻ

ശ്രീ. വി. ജോയി: വർക്കലയിൽ ജലഗതാഗത പാത കടന്നുപോകുന്ന ചിലക്കൂർ, ശിവഗിരി എന്നീ ഭാഗങ്ങളിലെ തുരങ്കങ്ങളിൽ തീർത്ഥാടകർക്കും വിനോദസഞ്ചാരികൾക്കും പ്രയോജനപ്രദമാകുംവിധം തിരുവിതാംകൂറിന്റെയും ശ്രീനാരായണഗുരുവിന്റെയും ചരിത്രം ആലേഖനം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കോവളം-ബേക്കൽ പശ്ചിമതീര കനാൽ വികസനത്തിന്റെ ഭാഗമായി വർക്കലയിലെ രണ്ടു ടണലുകളിലെയും ചെളി നീക്കം ചെയ്യുകയും കനാലിന്റെ പ്രവൃത്തികൾ നടന്നുവരികയുമാണ്. ചിലക്കൂർ ടണലിൽ ലൈറ്റ് ആൻഡ് സൗണ്ട് ഷോ സജ്ജീകരിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ശ്രീനാരായണ ഗുരുവിന്റെ ജീവചരിത്രം, തിരുവിതാംകൂറിന്റെ ചരിത്രം ഉൾപ്പെടെ വിവിധ ചരിത്രസംഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ലൈറ്റ് ആൻഡ് സൗണ്ട് ഷോ അവിടെ പ്രദർശിപ്പിക്കാനാകും.

## (2) കോഴിക്കോട് ഗവ. പ്രസ്സിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ അഭാവം

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: കോഴിക്കോട് ഗവ. പ്രസ്സിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കോഴിക്കോട് ഗവ. പ്രസ്സിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി മറ്റ് പ്രസ്സുകളിലെ ജോലിഭാരവും സാങ്കേതിക വിഭാഗം ജീവനക്കാരുടെ എണ്ണവും പരിശോധിച്ച് പുന:ക്രമീകരണം, വർക്കിംഗ് അറേഞ്ച്മെന്റ്, തസ്തിക

ഷിഫ്റ്റിംഗ് എന്നിവ നടത്തി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കാൻ അച്ചടി വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(3) റാന്നി വലിയ പാലം നിർമ്മാണം

ശ്രീ. പ്രമോദ് നാരായൺ: റാന്നി വലിയ പാലത്തിന്റെ നിർമ്മാണം സമയബന്ധിതമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): 317 മീറ്റർ നീളത്തിൽ നടപ്പാതയോടുകൂടി 12 മീറ്റർ വീതിയിലുള്ള റാന്നി വലിയ പാലം നിർമ്മാണ പ്രവൃത്തിക്ക് 26.76 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിച്ചിരുന്നു. നിലവിൽ വെള്ളത്തിലുള്ള ഓപ്പൺ ഫൗണ്ടേഷനും 48 പൈലുകളും 9 പിയറുകളും 6 പിയർ ഹെഡുകളും പൂർത്തീകരിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കുന്നതുൾപ്പെടെയുള്ള ശേഷിച്ച പ്രവൃത്തികൾക്കുള്ള പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭ്യമായാലുടൻ സാങ്കേതികാനുമതി നൽകി ശേഷിച്ച പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(4) അങ്കമാലി-കുണ്ടന്നൂർ ബൈപ്പാസ് നിർമ്മാണം

ശ്രീ. റോജി എം. ജോൺ: എറണാകുളം നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് അങ്കമാലി-കുണ്ടന്നൂർ ബൈപ്പാസ് നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സംസ്ഥാനത്തിന്റെ അഭ്യർത്ഥന മാനിച്ച് അങ്കമാലി-കുണ്ടന്നൂർ ബൈപ്പാസ് നിർമ്മാണ പദ്ധതിയുടെ സ്ഥലമേറ്റെടുക്കലിന് ആവശ്യമായ തുകയുടെ 25% നൽകുന്നതിൽനിന്നും സംസ്ഥാനത്തെ ഒഴിവാക്കുകയും പകരം നിർമ്മാണ വസ്തുക്കളുടെ ചരക്ക്-സേവന നികുതി, റോയൽറ്റി എന്നിവ ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള ഉന്നതതല യോഗം ഇക്കാര്യം പരിശോധിക്കുകയും ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് തുടർനടപടികൾ കൈക്കൊള്ളാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

(5) വാഗമൺ ടൗൺ വികസനം

ശ്രീ. വാഴൂർ സോമൻ: അന്താരാഷ്ട്ര വിനോദസഞ്ചാരകേന്ദ്രമായ വാഗമണിലെ വിനോദസഞ്ചാരികളുടെ തിരക്ക് കണക്കിലെടുത്ത്

തകർന്നുകിടക്കുന്ന വാഗമൺ-ബോണാമി-ടൈഫോർഡ്-മേമല-പള്ളിക്കുന്ന്-പീരുമേട് റോഡിന്റെ വീതികൂട്ടി ബി.എം.&ബി.സി. നിലവാരത്തിലാക്കാനും വാഗമണിൽ പശ്ചാത്തലസൗകര്യം വർദ്ധിപ്പിക്കാൻ ഒരു സമഗ്ര പാക്കേജ് നടപ്പിലാക്കുവാനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): വാഗമണിലെ വിനോദസഞ്ചാരവികസനത്തിന് വൈവിധ്യമാർന്ന പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്. വാഗമണിലെ ഗ്ലാസ് ബ്രിഡ്ജ് സന്ദർശിക്കാൻ നിരവധി വിനോദസഞ്ചാരികൾ എത്തുന്നതിനാൽ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. അഡ്വഞ്ചർ പാർക്കിൽ അതിനനുസരിച്ചുള്ള സൗകര്യങ്ങളൊരുക്കാൻ നിർദ്ദേശം നൽകുകയും പ്രത്യേകം ഉദ്യോഗസ്ഥരെ ഇതിനായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തിരക്കിനനുസരിച്ച് പശ്ചാത്തലസൗകര്യം വർദ്ധിപ്പിക്കണമെന്ന ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്. പി.ഡബ്ല്യു.ഡി.-യുടെ അധീനതയിലുള്ള വാഗമൺ-പീരുമേട് റോഡിന്റെ വികസനം ഘട്ടംഘട്ടമായി നടപ്പിലാക്കാനാകുമോ എന്നത് പരിശോധിച്ച് നിലപാട് സ്വീകരിക്കുന്നതാണ്.

## (6) തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡ് വികസനത്തിന് ഭൂമിയേറ്റെടുക്കൽ

ശ്രീ. മാത്യു ടി. തോമസ്: സർവ്വേയറുടെ അഭാവം പരിഹരിച്ച് മുടങ്ങിക്കിടക്കുന്ന തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡിന്റെ സ്ഥലമേറ്റെടുക്കൽ പ്രവൃത്തികൾ വേഗത്തിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): തിരുവല്ല- മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡിന്റെ സ്ഥലമെടുപ്പ് പദ്ധതിക്കായി തിരുവല്ല, കുറ്റപ്പുഴ, പായിപ്പാട് കുന്നന്താനം വില്ലേജുകളിൽ പൂർണ്ണമായും കല്ലൂപ്പാറ വില്ലേജിൽ ഭാഗികമായും റോഡിന്റെ ഇരുവശങ്ങളിലുമുള്ള കക്ഷികൾക്ക് നോട്ടീസ് നൽകി വിവരശേഖരണം നടത്തിയിട്ടുള്ളതാണ്. കുറ്റപ്പുഴ, പായിപ്പാട് വില്ലേജ് പരിധിയിലുള്ള സ്ഥലത്തെ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കുന്നന്താനം വില്ലേജിൽ 65% സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും, കുറ്റപ്പുഴ, പായിപ്പാട് വില്ലേജ് പരിധിയിൽ 11(1) വിജ്ഞാപനത്തിന് ആവശ്യമായ റെക്കോർഡുകൾ തയ്യാറാക്കിവരുന്നതുമാണ്. ആവശ്യമായ സർവ്വേയർമാരെ വിന്യസിച്ചും ഓഫീസ് ക്രമീകരണം കൂടുതൽ കാര്യക്ഷമമാക്കിയും

സ്ഥലമെടുപ്പ് ജോലികൾ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(7) നഷ്ടപരിഹാരം

ശ്രീ. എം. വിൻസെന്റ്: വിഴിഞ്ഞം-മംഗലപുരം റിംഗ് റോഡിന്റെ നോട്ടിഫിക്കേഷനിറങ്ങി ഒന്നരവർഷമായിട്ടും തുടർനടപടിയൊന്നും ഉണ്ടായിട്ടില്ല. നിലവിൽ നിശ്ചയിച്ച നഷ്ടപരിഹാരത്തുക വളരെ കുറവായതിനാൽ ഇവർക്ക് ഭൂമിവാങ്ങി നൽകുന്നതിനും വീടുവയ്ക്കുന്നതിനായി ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുവാനും നഷ്ടപരിഹാരം അടിയന്തരമായി കൊടുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): വിഴിഞ്ഞം-മംഗലപുരം റിംഗ് റോഡിന്റെ ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് നിയമാനുസൃത നടപടികൾ പൂർത്തിയായി ദേശീയപാതാ അതോറിറ്റിയിൽനിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് 23 വില്ലേജുകളുടെ 3(ജി) വിജ്ഞാപനം അംഗീകരിക്കുന്നതും അവാർഡ് പാസ്സാക്കി നഷ്ടപരിഹാരം വിതരണം ചെയ്ത് ഭൂമി റോഡ് നിർമ്മാണത്തിന് കൈമാറുന്നതുമാണ്. വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയുള്ള നിർദ്ദിഷ്ട ഔട്ടർ റിംഗ് റോഡിന്റെയും വികസന ഇടനാഴിയുടേയും നിർമ്മാണം

സമയബന്ധിതമായി നിർവ്വഹിക്കുന്നതിനുള്ള എല്ലാ നടപടിയും സർക്കാർ സ്വീകരിക്കുന്നതാണ്.

(8) പാഴൂർ, കുളമ്പൂർ തൂക്കുപാലങ്ങളുടെ അറ്റകുറ്റപ്പണി

ശ്രീ. അനൂപ് ജേക്കബ്: ദുരന്തനിവാരണ ഫണ്ടിൽ നിന്നും തുക അനുവദിച്ച് പിറവം നിയോജകമണ്ഡലത്തിലെ അപകടാവസ്ഥയിലുള്ള പാഴൂർ, കുളംബൂർ തൂക്കുപാലങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തി സഞ്ചാരയോഗ്യമാക്കുന്നതിനും പാലങ്ങളുടെ മേൽനോട്ടം സംബന്ധിച്ച ഉടമസ്ഥാവകാശം നിർണ്ണയിച്ചുനൽകുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): പാഴൂർ പെരുംതൃക്കോവിൽ-കക്കാട് തൂക്കുപാലത്തിന്റെ ഉടമസ്ഥാവകാശം പിറവം നഗരസഭയ്ക്ക് കൈമാറിയിട്ടുണ്ടെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം അറ്റകുറ്റപ്പണികൾ നടത്താൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ ദുരന്ത നിവാരണ കമ്മീഷണറുടെ അഭിപ്രായം ലഭ്യമായാലുടൻ നിയമാനുസൃതമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

കുളമ്പൂർ തൂക്കുപാലത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് KEL ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടില്ല. SDRF-ൽ നിന്നും തുക

അനുവദിച്ചുകൊണ്ട് അറ്റകുറ്റപ്പണി നടത്താൻ സാധിക്കുമോ എന്നുള്ള കാര്യം പരിശോധിക്കുന്നതാണ്.

## (9) തൃപ്പൂണിത്തുറ-ചൂരക്കാട് വെടിക്കെട്ടപകടം

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): തൃപ്പൂണിത്തുറ-ചൂരക്കാട് വെടിക്കെട്ടപകടം സംബന്ധിച്ച് അന്വേഷണം നടത്താനും ആശുപത്രികളിൽ പ്രവേശിപ്പിച്ചവരുടെ ചികിത്സാച്ചെലവ് നൽകാനും വീടുകളുടെ കേടുപാടുകൾ പരിഹരിക്കാനും ആവശ്യമെങ്കിൽ പുനർനിർമ്മാണം നടത്താനുമുള്ള നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): തൃപ്പൂണിത്തുറ, പുതിയകാവ് ദേവീക്ഷേത്രത്തിലെ ഉത്സവാഘോഷങ്ങളുടെ ഭാഗമായി സൂക്ഷിച്ചിരുന്ന കരിമരുന്ന് പൊട്ടിത്തെറിച്ചതുമായി ബന്ധപ്പെട്ട് നാശനഷ്ടം സംഭവിച്ച വീടുകളുടെയും സ്ഥാപനങ്ങളുടെയും വിവരങ്ങൾ റവന്യൂ-തദ്ദേശസ്വയംഭരണ വകുപ്പ് ശേഖരിച്ചുവരുന്നുണ്ട്. വില്ലേജ് ഓഫീസറുടെ നേതൃത്വത്തിൽ ഹെൽപ്പ് ഡെസ്കും ദുരിതാശ്വാസ ക്യാമ്പും സജ്ജീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമായതിനുശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(10) അരൂരിലെ കുടിവെള്ള ക്ഷാമം

ശ്രീമതി ദെലീമ: അരൂർ നിയോജകമണ്ഡലത്തിലെ തീരപ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനും തുറവൂരിൽ അടിയന്തരമായി ടാങ്ക് നിർമ്മിക്കാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): തുറവൂർ പഞ്ചായത്തിൽ ജലസംഭരണി നിർമ്മിക്കുന്നതിനായി 10 കോടി രൂപ അനുവദിച്ചെങ്കിലും സ്ഥലം ലഭ്യമല്ലാത്തതിനാൽ ടാങ്ക് നിർമ്മിക്കാൻ സാധിച്ചില്ല. നിലവിലുള്ള സംഭരണിയിൽനിന്നും ശുദ്ധജലം വാൽവുകളുപയോഗിച്ച് നിയന്ത്രിച്ച് വിതരണം ചെയ്യാനുള്ള സംവിധാനമാണ് ഇപ്പോഴുള്ളത്. സംഭരണികളിൽ നിന്നും വിദൂര സ്ഥലങ്ങളിൽ ജലമെത്തുന്നതിനുള്ള കാലതാമസം പരിഹരിക്കാനുള്ള ശ്രമം നടന്നുവരികയാണ്. അരൂർ നിയോജകമണ്ഡലത്തിലെ തുറവൂർ, കുത്തിയതോട്, കോടംതുരുത്ത്, എഴുപുന്ന, അരുക്കുറ്റി, പാണാവള്ളി, പെരുമ്പളം, പള്ളിപ്പുറം, തൈക്കാട്ടുശ്ശേരി പഞ്ചായത്തുകളിലെ ഭൂരിഭാഗം വീടുകളിലും ജൽ ജീവൻ മിഷൻ മുഖാന്തരം കുടിവെള്ള കണക്ഷൻ നൽകാൻ സാധിച്ചിട്ടുണ്ട്.

(11) <u>കടക്കാട്ടുപാറ ആലുങ്കടവിൽ ആർ.സി.ബി. നിർമ്മാണം</u>

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ കടക്കാട്ടുപാറ-ആലുങ്കടവിൽ ആർ.സി.ബി. നിർമ്മാണത്തിന് ഫണ്ട് ലഭ്യമാക്കി ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): കടക്കാട്ടുപാറ-ആലുങ്കടവ് റെഗുലേറ്റർ പദ്ധതിക്കായി ഡി.പി.ആർ. തയ്യാറാക്കിയെങ്കിലും കിഫ്ബി മാനദണ്ഡപ്രകാരം ആർ.സി.ബി.-കൾക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള സാമ്പത്തിക പരിധി കഴിഞ്ഞതിനാലാണ് പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം നേരിട്ടത്. അടുത്ത അവസരത്തിൽ അനുയോജ്യമായ രീതിയിൽ ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

(12) <u>കടമ്പ്രയാർ മാലിന്യമുക്തമാക്കാൻ നടപടി</u>

<u>ശ്രീമതി ഉമ തോമസ്</u>: കടമ്പ്രയാർ മാലിന്യമുക്തമാക്കാനും തൃക്കാക്കരയിലെയും സമീപപ്രദേശങ്ങളിലെയും കുടിവെള്ളക്ഷാമം പരിഹരിക്കാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): കടമ്പ്രയാറിലെ മലിനീകരണം നിയന്ത്രിക്കുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡുമായി ചേർന്ന് ജലസേചന വകുപ്പ് പരിശോധന നടത്തുകയും

നദിയുടെ സ്വാഭാവിക ഒഴുക്ക് നിലനിർത്തുന്നതിനുള്ള പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഓപ്പറേഷൻ വാഹിനി പദ്ധതിയിലുൾപ്പെടുത്തി 42.36 ലക്ഷം രൂപയുടെ പ്രവൃത്തികൾ കടമ്പ്രയാറിൽ നടപ്പിലാക്കിയിട്ടുണ്ട്. കടമ്പ്രയാർ, ചിത്രപ്പുഴ, എടച്ചിറത്തോട് എന്നിവ നിശ്ചിത കാലയളവിൽ വൃത്തിയാക്കുന്നതിനായി 50 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ആലുവയിൽ 190 എം.എൽ.ഡി. പ്ലാന്റ് സ്ഥാപിക്കാനുള്ള ശ്രമം നടന്നുവരികയാണ്.

## (13) പാറശ്ശാലയിലെ കരിമ്പന സംരക്ഷണം

ശ്രീ. സി. കെ. ഹരീന്ദ്രൻ: പാറശ്ശാല നിയോജകമണ്ഡലം ഉൾപ്പെടെ നെയ്യാറ്റിൻകര താലൂക്കിന് കീഴിൽ വരുന്ന പ്രദേശങ്ങളിൽ കരിമ്പന കൃഷി വ്യാപകമാക്കി വ്യവസായികാടിസ്ഥാനത്തിൽ കരിമ്പനയുല്പന്നങ്ങൾ നിർമ്മിച്ച് പ്രസ്തുത മേഖല സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സംസ്ഥാനത്തുടനീളം കരിമ്പനത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന്റെ

ഭാഗമായി സർക്കാർ ഓഫീസുകളിലും ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലും പനംതൈകൾ നടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെൽപാമിന്റെ ഭൂമിയിലുള്ള കരിമ്പന മരങ്ങൾ യഥാസമയം വൃത്തിയാക്കി പരിപാലിച്ച് വരുന്നതിനോടൊപ്പം കരിമ്പന വിഭവങ്ങളുടെ ശേഖരണവും വിപണനവും ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പനയോല, പനനാര്, പനയീർക്കിൽ എന്നിവകൊണ്ടുള്ള ജൈവസൗഹൃദ കരകൗശല ഉല്പന്നങ്ങളുടെ പരിപാലനവും പരിശീലനവും നിർമ്മാണവും ലക്ഷ്യമാക്കിയുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(14) ആർ.സി. ബുക്കും ലൈസൻസും ലഭ്യമാകുന്നതിലെ കാലതാമസം

ശ്രീ. പി. കെ. ബഷീർ: സംസ്ഥാനത്ത് പുതിയ വാഹനങ്ങളുടെ ആർ.സി. ബുക്കും ഡ്രൈവിംഗ് ലൈസൻസും ലഭ്യമാകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സംസ്ഥാനത്ത് ആർ.സി. ബുക്കും ഡ്രൈവിംഗ് ലൈസൻസും അച്ചടിച്ച വകയിൽ കൊടുക്കാനുള്ള കുടിശ്ശികത്തുക നൽകാത്തതാണ് നിലവിലെ കാലതാമസത്തിനുള്ള കാരണം. ഇതിനായി 15 കോടി രൂപ അനുവദിക്കുന്നതിനുള്ള ഗതാഗത കമ്മീഷണറുടെ ശിപാർശ ധനകാര്യ

വകുപ്പിന്റെ പരിഗണനയിലാണ്. ഈ പ്രശ്നത്തിന് അടിയന്തരമായി പരിഹാരമെന്ന നിലയ്ക്ക് അച്ചടി ആരംഭിച്ച് ദിസങ്ങൾക്കുള്ളിൽത്തന്നെ ആർ.ടി. ഓഫീസുകൾ മുഖേന ആർ.സി. ബുക്കും ലൈസൻസും വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കും.

**(15)** വിദേശ രാജ്യങ്ങളിൽ നിന്നും എം.ബി.ബി.എസ്. പൂർത്തിയാക്കിയ ഹൗസ് സർജന്മാർക്ക് ആനുകൂല്യം

ഡോ. കെ. ടി ജലീൽ: വിദേശ രാജ്യങ്ങളിൽനിന്നും എം.ബി.ബി.എസ്. പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് സംസ്ഥാനത്ത് ഇന്റേൺഷിപ്പ് ചെയ്യുന്നതിനുള്ള ഫീസ് ഒഴിവാക്കുന്നതിനും സാമ്പത്തിക ആനുകൂല്യം നൽകുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർക്കാർ മെഡിക്കൽ കോളേജുകളിൽ 328 സീറ്റുകളിലും ജില്ലാ ആശുപത്രികളിൽ 600-ൽ അധികം സീറ്റുകളിലും വിദേശരാജ്യങ്ങളിൽ നിന്നും എം.ബി.ബി.എസ്. പൂർത്തിയാക്കിയ വിദ്യാർത്ഥികൾ ഇന്റേൺഷിപ്പ് ചെയ്യുന്നുണ്ട്. പ്രസ്തുത വിദ്യാർത്ഥികളിൽ നിന്നും ഫീസിനത്തിൽ തുകയൊന്നും ഈടാക്കുന്നില്ല. അവർക്ക് ആനുകൂല്യം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

## (16) <u>കിഫ്ബി പദ്ധതിയിലൂടെയുള്ള റോഡ് നവീകരണം</u>

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി വെള്ളൂർ-പാടിയോട്ടുചാൽ റോഡും എട്ടിക്കുളം എച്ച്.എസ്.-പാലക്കോട് റോഡും നവീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): വെള്ളൂർ-പാടിയോട്ടുചാൽ റോഡ് സി.ആർ.എഫ്.-ലും സംസ്ഥാന ബജറ്റിലും ഉൾപ്പെടുത്തി വിവിധ ഘട്ടങ്ങളിലായി ബി.എം. & ബി.സി. നിലവാരത്തിൽ വികസിപ്പിച്ചിരുന്നു. പ്രസ്തുത റോഡ് കിഫ്ബി ഫണ്ട് വിനിയോഗിച്ച് നവീകരിക്കുന്നതിനുള്ള ഡി.പി.ആർ. നിർവ്വഹണ ഏജൻസി സമർപ്പിക്കുന്ന മുറയ്ക്ക് കിഫ്ബി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ധനാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മാടായി എട്ടിക്കുളം എച്ച്.എസ്.-പാലക്കോട് റോഡ് പ്രവൃത്തിയുടെ ആദ്യഘട്ടമായി വേങ്ങര റെയിൽവേ മേൽപ്പാല നിർമ്മാണത്തിന് കിഫ്ബി ധനാനുമതി നൽകുകയും 75% പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഏജൻസിയായ കെ.ആർ.എഫ്.ബി. കിഫ്ബിക്ക് സമർപ്പിച്ച ഡി.പി.ആർ. അവലോകനം നടത്തിയതിൽ ട്രാഫിക് കുറവാണെന്ന്

കണ്ടെത്തിയതിനെത്തുടർന്ന് രണ്ടാംഘട്ട പ്രവൃത്തി തൽക്കാലത്തേയ്ക്ക് മാറ്റിവയ്ക്കുന്നതായി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

## IV റിപ്പോർട്ട് സമർപ്പണം

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാൽപ്പത്തിയഞ്ചും നാൽപ്പത്തിയാറും റിപ്പോർട്ടുകളും പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒൻപതും പത്തും റിപ്പോർട്ടുകളും സമർപ്പിച്ചു.

## V ക്രമപ്രശ്നം

ബജറ്റിനോടൊപ്പം സഭയിൽ സമർപ്പിക്കേണ്ട രേഖകൾ സമർപ്പിക്കാത്തതും ചോദ്യങ്ങൾക്ക് യഥാസമയം
മറുപടി ലഭ്യമാക്കാത്തതും സംബന്ധിച്ച്

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 47 (1) അനുസരിച്ച് സഭയിൽ ഉന്നയിക്കുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ചോദ്യോത്തര ദിവസത്തിന്റെ തൊട്ടുതലേദിവസം 5 മണിക്കുമുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. എന്നാൽ നടപ്പ് സമ്മേളന കാലയളവിൽ 30-01-2024-ന് സഭയിൽ മറുപടി ലഭ്യമാക്കേണ്ട നക്ഷത്രചിഹ്നമിടാത്ത 199 ചോദ്യങ്ങൾക്കും ആറ്, ഏഴ്, എട്ട്

സമ്മേളനങ്ങളിലെ നാനൂറോളം ചോദ്യങ്ങൾക്കും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി ലഭ്യമാക്കിയിട്ടില്ല.

FRBM ആക്ട് അനുസരിച്ച് മീഡിയം ടേം ഫിസ്കൽ പോളിസി സംബന്ധിച്ച ഡോക്യുമെന്റും കിഫ്ബി നിയമത്തിലെ സെക്ഷൻ 3(8) പ്രകാരം കിഫ്ബിയുടെ ധനാഗമ-വിനിയോഗ സ്റ്റേറ്റ്മെന്റും ഫണ്ട് ട്രസ്റ്റി അഡ്വൈസറി കമ്മീഷന്റെ സർട്ടിഫിക്കറ്റും (ഫിഡലിറ്റി സർട്ടിഫിക്കറ്റ്) ബജറ്റിനോടൊപ്പം സഭയിൽ സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിനോടൊപ്പം പ്രസ്തുത രേഖകൾ സഭയിൽ സമർപ്പിച്ചിട്ടില്ല. ആയത് FRBM ആക്ടിന്റെയും കിഫ്ബി നിയമത്തിന്റെയും വയലേഷൻ ആണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): നടപ്പ് സമ്മേളന കാലയളവിൽ ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കാനായി അനുവദിച്ചിരുന്ന 30-01-2024, 13-02-2024 എന്നീ ദിവസങ്ങളിലെ നക്ഷത്രചിഹ്നമിട്ട എല്ലാ ചോദ്യങ്ങൾക്കുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ബജറ്റ് അവതരിപ്പിക്കുന്ന സമയമായതുകൊണ്ടുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിട്ടതിനാലാണ് നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കാൻ സാധിക്കാതിരുന്നത്. അവയ്ക്കുള്ള മറുപടി എത്രയും

വേഗം ലഭ്യമാക്കുന്നതാണ്. ഭരണപരമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതിനാലാണ് രേഖകൾ ബജറ്റിനോടൊപ്പം സഭയിൽ സമർപ്പിക്കാൻ സാധിക്കാതിരുന്നത്. ഭാവിയിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് വാർഷിക റിപ്പോർട്ട് പ്രത്യേകം പ്രിന്റ് ചെയ്യുന്നതിനും ഫിഡലിറ്റി സർട്ടിഫിക്കറ്റ് പ്രത്യേകം തയ്യാറാക്കി യഥാസമയം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

**റൂളിംഗ്**

മി. സ്പീക്കർ: 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ (ഭേദഗതി) നിയമത്തിലെ വകുപ്പ് 3(8) പ്രകാരം സഭയിൽ സമർപ്പിക്കേണ്ട കിഫ്ബിയുടെ ധനാഗമ മാർഗ്ഗങ്ങളും വിനിയോഗവും സംബന്ധിച്ച സ്റ്റേറ്റ്മെന്റും ഫണ്ട് ട്രസ്റ്റി അഡ്വൈസറി കമ്മീഷന്റെ സർട്ടിഫിക്കറ്റും ഫെബ്രുവരി 5-ാം തീയതി സഭയിൽ അവതരിപ്പിച്ച 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിനോടൊപ്പം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സഭയിൽ സമർപ്പിക്കാത്തത് പ്രസ്തുത നിയമത്തിന്റെ ലംഘനമാണെന്നും ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി മറുപടി പറയേണ്ട നക്ഷത്രചിഹ്നമിടാത്ത നിരവധി ചോദ്യങ്ങൾക്ക് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ലെന്നും ഇത് സഭയോടുള്ള കാണിക്കുന്ന അനാദരവാണെന്നും

ചൂണ്ടിക്കാട്ടി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച ക്രമപ്രശ്നങ്ങളിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങൾ വസ്തുതകളുടെ അടിസ്ഥാനത്തിൽ വളരെ വിശദമായിത്തന്നെ ചെയർ പരിശോധിച്ചു.

കിഫ്ബിയുടെ ധനാഗമ-വിനിയോഗ സ്റ്റേറ്റ്മെന്റും ഫിഡലിറ്റി സർട്ടിഫിക്കറ്റും ബജറ്റിനോടൊപ്പം സഭയിൽ സമർപ്പിക്കണമെന്നാണ് The Kerala Infrastructure Investment Fund Act-ലെ സെക്ഷൻ 3(8)-ൽ നിഷ്കർഷിക്കുന്നത്. സഭാനടപടി ചട്ടം 166 ബി (3) പ്രകാരം കിഫ്ബിയുടെ 2022-23-ലെ വാർഷിക റിപ്പോർട്ട് 2023 ഡിസംബർ 31-ന് മുമ്പായാണ് സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതെന്നും അതിനുശേഷമാണ് സഭയിൽ വയ്ക്കുന്നതെങ്കിൽ കാലതാമസം ഉണ്ടായത് സംബന്ധിച്ച ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭ്യമാക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. കിഫ്ബിയെ സംബന്ധിക്കുന്ന വ്യത്യസ്ത നിയമവ്യവസ്ഥകൾ പ്രകാരം വ്യത്യസ്ത സന്ദർഭങ്ങളിലും വ്യത്യസ്ത രീതിയിലും സഭയിൽ സമർപ്പിക്കേണ്ട രണ്ടുരേഖകൾ ഒരുമിച്ച് പ്രിന്റ് ചെയ്താണ് നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയത്. ഇക്കാര്യം നിയമസഭാ സെക്രട്ടേറിയറ്റിൽനിന്നും ധനകാര്യ വകുപ്പിനെ മുൻകൂട്ടി അറിയിച്ചിരുന്നെങ്കിലും ഈ അപാകത പരിഹരിക്കാൻ യഥാസമയം നടപടി സ്വീകരിക്കാത്തതിനാലാണ് മേൽപ്പറഞ്ഞ രണ്ട്

രേഖകളും സഭയിൽ സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ടതെന്നാണ് കാണുന്നത്. ഈ സാഹചര്യത്തിൽ ഇനി മേലിൽ കിഫ്ബിയുമായി ബന്ധപ്പെട്ട വാർഷിക റിപ്പോർട്ടും ഫിഡലിറ്റി സർട്ടിഫിക്കറ്റും പ്രത്യേകം പ്രത്യേകമായി തയ്യാറാക്കി കാലതാമസം കൂടാതെതന്നെ നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. അതുപോലെ ബജറ്റിനോടൊപ്പം സഭയിൽ സമർപ്പിക്കേണ്ടിയിരുന്ന ഫിഡലിറ്റി സർട്ടിഫിക്കറ്റ് നടപ്പ് സമ്മേളനത്തിൽത്തന്നെ സഭയുടെ മേശപ്പുറത്തുവയ്ക്കാൻ നടപടി സ്വീകരിക്കണം.

15-ാം കേരള നിയമസഭയുടെ ഒന്നുമുതൽ 9 വരെയുള്ള സമ്മേളനങ്ങളിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയേണ്ട 3199 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ 2943 ചോദ്യങ്ങൾക്ക് ഇതിനകം മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഇനിയും 256 ചോദ്യങ്ങൾക്കും സഭയുടെ നടപ്പുസമ്മേളനത്തിലെ ആകെയുള്ള 199 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾക്കും മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടം 47 പ്രകാരം ചോദ്യോത്തര ദിവസത്തിന്റെ തൊട്ടുതലേദിവസം 5 മണിക്കുമുമ്പായി അവ ലഭ്യമാക്കേണ്ടതാണ്, പ്രസ്തുത സമയപരിധിക്കുള്ളിൽ ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ മാത്രമാണ് ഉപചട്ടം (2)-ൽ പരാമർശിക്കുന്ന 15

ദിവസത്തെ കാലദൈർഘ്യത്തിന് അർഹത വരുന്നത്. ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിൽ ഉപചട്ടം (2)-ന്റെ പിൻബലം സ്ഥിരമായി ഉപയോഗപ്പെടുത്തുന്നതിനോട് ചെയർ യോജിക്കുന്നില്ല. നിയമസഭാ ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തുന്നതിനെതിരെ മുൻകാലങ്ങളിൽ ചെയറിൽനിന്നും നിരന്തരം റൂളിംഗ് ഉണ്ടായിട്ടുള്ളതിന്റെ ഫലമായി ഇക്കാര്യത്തിൽ ഗുണപരമായ മാറ്റം ഉണ്ടായിട്ടുണ്ട്. സഭയുടെ കഴിഞ്ഞ സമ്മേളനത്തിൽ 17 മന്ത്രിമാർ തങ്ങളുടെ എല്ലാ ചോദ്യങ്ങൾക്കും നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽത്തന്നെ മറുപടി നൽകിയിട്ടുണ്ട്. അതുപോലെ സഭയുടെ നടപ്പുസമ്മേളനത്തിൽ 12 മന്ത്രിമാർ ഇതിനകം എല്ലാ ചോദ്യങ്ങൾക്കുമുള്ള മറുപടി ലഭ്യമാക്കിക്കഴിഞ്ഞു. ഇത്തരത്തിലുള്ള നല്ല മാതൃക ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ള എല്ലാ മന്ത്രിമാരും സ്വീകരിക്കുമെന്ന് ചെയർ പ്രതീക്ഷിക്കുന്നു. ഇനിയും മറുപടി നൽകാനുള്ള എല്ലാ ചോദ്യങ്ങൾക്കും എത്രയും പെട്ടെന്ന് മറുപടി നൽകണമെന്ന് ചെയർ റൂൾ ചെയ്യുന്നു.

(12-02-2024-ന് ബജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ചയ്ക്കിടയിൽ വ്യവസായ നയം സംബന്ധിച്ച് നിയമവിധേയമായി ആരോപണമുന്നയിക്കാൻ ഡോ. മാത്യു കുഴൽനാടന് അനുവാദം

നൽകാത്തതിൽ പ്രതിപക്ഷത്തിനുള്ള പ്രതിഷേധവും അമർഷവും ബഹു. പ്രതിപക്ഷനേതാവ് രേഖപ്പെടുത്തിയതിനെത്തുടർന്ന്, പ്രസ്തുത വിഷയത്തിൽ പ്രതിഷേധം രേഖപ്പെടുത്തി ബഹു. പ്രതിപക്ഷ ഉപനേതാവ് പ്രസ്താവന നടത്തി പ്രതിപക്ഷം വാക്കൗട്ട് നടത്തിയതോടെ വിഷയം അവസാനിച്ചതാണെന്നും അത് വീണ്ടും സഭയിൽ ഉന്നയിക്കുന്നത് കീഴ്വഴക്കങ്ങളുടെ ലംഘനമാണെന്നും ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് ചൂണ്ടിക്കാണിക്കുകയും വ്യക്തതയില്ലാത്ത രേഖകൾ ഹാജരാക്കിയതിനാലാണ് അത്തരത്തിൽ നടപടി സ്വീകരിച്ചതെന്ന് ബഹു. സ്പീക്കർ നിലപാട് വ്യക്തമാക്കുകയും ചെയ്തു.)

## VI ധനകാര്യം

### 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: ബജറ്റിനെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധിക്കിടയിലും സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഉത്തേജനം നൽകുന്നതും ജനകീയ ബദൽ ഉയർത്തിപ്പിടിക്കുന്നതുമായ ബജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് 1698 കോടി രൂപ വകയിരുത്തിയതും റബ്ബറിന്റെ താങ്ങുവില 180 രൂപയായി വർദ്ധിപ്പിച്ചതും ആശ്വാസകരമാണ്. പൊതുമേഖലയെ സംരക്ഷിച്ച്

ലാഭകരമാക്കുന്നതോടൊപ്പം കെ.എസ്.ആർ.ടി.സി.-യുടെ പ്രതിസന്ധി പരിഹരിക്കുന്നതിന് 1120 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. സഹകരണ മേഖലയുടെ അഭിവൃദ്ധിക്കും തൊഴിലാളി ക്ഷേമത്തിനുംവേണ്ടി തുക വകയിരുത്തിയത് അഭിനന്ദനാർഹമാണ്. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുണ്ടാക്കി സംസ്ഥാനങ്ങളുടെമേൽ കടന്നുകയറ്റം നടത്തി സഹകരണ മേഖലയെ തകർക്കുന്ന കേന്ദ്ര നീക്കം അപലപനീയമാണ്. അടുത്ത മൂന്ന് വർഷം കൊണ്ട് മൂന്ന് ലക്ഷം കോടി രൂപ സമാഹരിച്ച് സംസ്ഥാനത്തെ വികസിത കേരളമാക്കി മാറ്റാനുള്ള സർക്കാരിന്റെ ശ്രമങ്ങൾ സ്വാഗതാർഹമാണ്. നവകേരള സദസ്സിൽ ഉയർന്നുവന്ന വിഷയങ്ങൾക്കുവേണ്ടി 1000 കോടി രൂപ മാറ്റിവച്ചത് അഭിനന്ദനീയമാണ്. കേന്ദ്ര ബഡ്ജറ്റിലെ ജനവിരുദ്ധ നടപടികൾക്കെതിരെ പ്രതിഷേധിക്കാൻ പ്രതിപക്ഷം തയ്യാറാകാത്തത് ഖേദകരമാണ്. ബേക്കൽ എയർസ്ട്രിപ് പ്രോജക്ട്, കാസർഗോഡ് വികസന പാക്കേജ്, പൂരക്കളി അക്കാഡമി, ഗോവിന്ദ പൈ മെമ്മോറിയൽ കോളേജ് എന്നിവയ്ക്ക് കൂടുതൽ തുക വകയിരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ചാണ്ടി ഉമ്മൻ</u>: ബജറ്റിനെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താനാവശ്യമായ നടപടികളൊന്നും ബജറ്റിൽ

ഉൾപ്പെടുത്തിയിട്ടില്ല. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന പദ്ധതികളല്ലാതെ പുതിയ ഒരു പദ്ധതിയും കൊണ്ടുവരാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. പദ്ധതി ചെലവിന്റെ പുരോഗതി 30 ശതമാനം മാത്രമാണ്. കാർഷികരംഗത്തെ അവഗണന കാരണം കർഷക ആത്മഹത്യകൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്രസർക്കാർ നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിച്ചപ്പോൾ അത്രയും തുക സംസ്ഥാന സർക്കാർ ഇൻസെന്റീവ് ബോണസിൽ കുറയ്ക്കുകയാണ് ചെയ്തത്.

<u>ശ്രീ. വാഴൂർ സോമൻ</u>: ബജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്രസർക്കാർ സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുമ്പോഴും സാധാരണക്കാരായ ആളുകൾക്ക് ഉപജീവനമാർഗ്ഗം സൃഷ്ടിക്കുകയും എല്ലാ മേഖലകളെയും പരിഗണിക്കുകയും ചെയ്യുന്ന ബജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സംസ്ഥാനത്തിനുള്ള കേന്ദ്രവിഹിതം, ഭക്ഷ്യ സബ്സിഡി, തൊഴിലുറപ്പ് പദ്ധതിക്കുള്ള വിഹിതം എന്നിവ വെട്ടിക്കുറച്ചും പാചക വാതകം, പെട്രോൾ-ഡീസൽ എന്നിവയുടെ വില വർദ്ധിപ്പിച്ചും സംസ്ഥാനത്തെ ശ്വാസംമുട്ടിക്കുന്ന നിലപാടാണ് കേന്ദ്രം സ്വീകരിക്കുന്നത്. കാർഷിക മേഖല പൂർണ്ണമായും സ്വകാര്യ-കുത്തക മുതലാളിമാർക്ക് കൈമാറുന്നതിനുള്ള ശ്രമമാണ് കേന്ദ്രസർക്കാർ നടത്തിവരുന്നത്. കടുത്ത സാമ്പത്തിക

പ്രതിസന്ധിക്കിടയിലും വിദ്യാഭ്യാസ-ആരോഗ്യ-സാമൂഹ്യക്ഷേമ പദ്ധതികൾ, പട്ടികജാതി/പട്ടികവർഗ്ഗക്ഷേമ പദ്ധതികൾ എന്നിവയ്ക്ക് ഊന്നൽ നൽകുന്ന ബജറ്റാണിത്. ആശാവർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിച്ച നടപടി അഭിനന്ദനാർഹമാണ്. തോട്ടം തൊഴിലാളികളുടെ ലയങ്ങൾ വാസയോഗ്യമാക്കുവാനും ഇടുക്കി പാക്കേജ്, മൂഴിക്കൽ-തോപ്പിൽ കടവ് പാലം, പാലൂർക്കാവ് പാലം എന്നിവയുടെ പുനർനിർമ്മാണത്തിനും വാഗമൺ ടൂറിസം കേന്ദ്രത്തിന്റെ വികസനത്തിനും പട്ടയ മിഷന്റെ പ്രവർത്തനങ്ങൾക്കും തുക അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: ബജറ്റിനെ എതിർക്കുന്നു. സർക്കാരിന്റെ കെടുകാര്യസ്ഥതയും വിവേചനരഹിതമായ കടമെടുപ്പും ധൂർത്തുമാണ് ഈ സാമ്പത്തിക പ്രതിസന്ധിക്ക് കാരണം. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിനായി മതിയായ തുക വകയിരുത്തുന്നതിനും എ.എസ്. ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. കാസർഗോഡ് കുമ്പളജെ ഗ്രാമപഞ്ചായത്തിലെ റോഡുകളുടെ പുനരുദ്ധാരണത്തിനും നഗര സൗന്ദര്യവൽക്കരണത്തിനും ഫണ്ട് അനുവദിക്കണം. സാമ്പത്തിക തകർച്ചയും ധനകമ്മിയും സമസ്ത മേഖലകളിലും വികസന മുരടിപ്പുമുള്ള ഒരു സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്.

സർക്കാരിന്റെ കെടുകാര്യസ്ഥതയും ധൂർത്തും കിഫ്ബി വഴിയുണ്ടാക്കിയ അമിത കടബാധ്യതയുമാണ് കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണം.

ശ്രീ. ജോബ് മൈക്കിൾ: ബജറ്റിനെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധിക്കിടയിലും സമസ്ത മേഖലകളിലും വളർച്ച കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. കേരളത്തോടുള്ള കേന്ദ്രസർക്കാരിന്റെ ശത്രുതാപരമായ സമീപനത്തെ പിന്തുണയ്ക്കുന്ന രീതിയാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. നടപ്പുസാമ്പത്തിക വർഷം 200 കോടി രൂപയുടെ കുറവാണ് വായ്പാ പരിധിയിൽ കേന്ദ്രം വരുത്തിയിരിക്കുന്നത്. മാധ്യമ വിദ്യാർത്ഥികൾക്കായി കാക്കനാട് മീഡിയ അക്കാഡമി സ്ഥാപിക്കുന്നതിന് തീരുമാനമുണ്ടാകണം. റബ്ബറിന്റെ താങ്ങുവില വർദ്ധിപ്പിക്കണം. കുട്ടനാട് പാക്കേജിനുവേണ്ടി ബജറ്റിൽ 100 കോടി രൂപ അനുവദിച്ചത് സ്വാഗതാർഹമാണ്.

ശ്രീ. അനൂപ് ജേക്കബ്: ബജറ്റിനെ എതിർക്കുന്നു. റബ്ബറിന്റെ താങ്ങുവില വർദ്ധിപ്പിക്കണം. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം, പെൻഷൻ എന്നിവ നൽകുന്നതിനും സർക്കാരിന്റെ അവഗണനമൂലം തകർച്ചയിലായ പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും

നടപടി സ്വീകരിക്കണം. ജൽ ജീവൻ മിഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. ബജറ്റിൽ പ്രഖ്യാപിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നുവെന്ന് സർക്കാർ ഉറപ്പുവരുത്തണം.

ഡോ. സുജിത് വിജയൻപിള്ള: ബജറ്റിനെ അനുകൂലിക്കുന്നു. ചവറ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ ഒ.എൻ.വി. കുറുപ്പിന്റെ സ്മരണാർത്ഥം ഒരു കവാടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം. കേരളത്തോട് കേന്ദ്രം കാണിക്കുന്ന അവഗണനമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. കാര്യക്ഷമമായ ധനകാര്യ മാനേജ്മെന്റിലൂടെ തനത് നികുതി വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ദേശീയപാതാ വികസനത്തിനായി സംസ്ഥാനം കൈമാറിയ ഭൂമിയേറ്റെടുക്കൽ ചെലവിന്റെ 25 ശതമാനം തുക പൊതുകടപരിധിയിൽ നിന്ന് ഒഴിവാക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുന്നില്ല. രാജ്യത്തിന്റെ ആഭ്യന്തര ഉല്പാദന വളർച്ചയിൽ കേരളം പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതി, സാമൂഹ്യക്ഷേമ പെൻഷൻ എന്നിവയിലൂടെ സാധാരണക്കാരുടെ കൈകളിൽ പണമെത്തിക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. ക്ഷേമ പദ്ധതികൾ നിർത്തലാക്കാതെ വികസന കാഴ്ചപ്പാടോടുകൂടിയ പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിലുണ്ട്. മൂന്ന് ലക്ഷം കോടി

രൂപയുടെ നിക്ഷേപമാണ് ബൃഹത് പദ്ധതികളിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. കൊച്ചിൻ ഹൈഡ്രജൻ ഹബ്ബ് ഉൾപ്പെടെയുള്ള പദ്ധതികൾ സ്വകാര്യ നിക്ഷേപത്തിന് പുതിയ ദിശാബോധം നൽകും. കെ.എം.എം.എൽ.-ന് സമീപമുള്ള ചിറ്റൂർ, പന്മന, കളരി വാർഡുകളിലെ വാസയോഗ്യമല്ലാത്ത സ്ഥലങ്ങൾ ഏറ്റെടുത്ത് വ്യവസായ ഹബ്ബാക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. കെ. എം. സച്ചിൻദേവ്: ബജറ്റിനെ അനുകൂലിക്കുന്നു. സമസ്ത മേഖലയുടെയും സമഗ്രവികസനത്തിന് സഹായകരമാകുന്നതാണ് ബജറ്റ്. കോഴിക്കോട് ലൈറ്റ് മെട്രോ, പെരുവണ്ണാമൂഴി ടൈഗർ സഫാരി പാർക്ക് തുടങ്ങിയ പ്രഖ്യാപനങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തിയത് അഭിനന്ദനാർഹമാണ്. ബജറ്റ് പ്രഖ്യാപനങ്ങൾ യാഥാർത്ഥ്യമാകുന്നതോടെ കേരളം ലോകോത്തര നിലവാരത്തിലേയ്ക്ക് എത്തും.

ശ്രീ. എൻ. കെ. അക്ബർ: ബജറ്റിനെ അനുകൂലിക്കുന്നു. ചൈനീസ് മാതൃകയിൽ സ്പെഷ്യൽ ഡെവലപ്മെന്റ് സോണും തുറമുഖ വികസനത്തിന് മാരിടൈം ഉച്ചകോടിയും ആഗോള നിക്ഷേപക സംഗമവും നടത്താനുള്ള തീരുമാനം പ്രശംസനീയമാണ്. വിഴിഞ്ഞം തുറമുഖം, ദേശീയപാത 66 എന്നിവ കേരളത്തിന്റെ പശ്ചാത്തല വികസനത്തിന്റെ സൂചികകളാണ്. മൂന്ന്

വർഷംകൊണ്ട് 30,000 കോടി രൂപയുടെ വർദ്ധനയാണ് സംസ്ഥാനത്തിന്റെ മൊത്തം ചെലവിലുണ്ടായത്. നികുതി/നികുതിയേതര വരുമാനത്തിലും റെക്കോർഡ് വർദ്ധനവുണ്ടായിട്ടുണ്ട്. സംസ്ഥാനത്തിന് അർഹമായ കേന്ദ്രവിഹിതം നേടിയെടുക്കാൻ കേരളത്തിൽ നിന്നുള്ള പാർലമെന്റംഗങ്ങളുടെ ഭാഗത്തുനിന്നും ശ്രമമുണ്ടാകണം. മത്സ്യമേഖലയ്ക്കും ബീഡി വ്യവസായത്തിനും കൂടുതൽ തുക അനുവദിക്കണം. മമ്മിയൂർ-ഗുരുവായൂർ ഫ്ലൈഓവർ നിർമ്മാണത്തിന് ഭരണാനുമതി നല്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. റോജി എം. ജോൺ: ബജറ്റിനെ എതിർക്കുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ കേരളത്തിന് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റിനത്തിൽ 53,137 കോടി രൂപ അനുവദിക്കുകയും പരമാവധി തുക വായ്പയെടുക്കാൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയാത്ത സർക്കാർ പൂർണ്ണ പരാജയമാണ്.

ശ്രീ. പി. പി. സുമോദ്: ബജറ്റിനെ അനുകൂലിക്കുന്നു. വികസന സാദ്ധ്യതകളുപയോഗപ്പെടുത്തിയും കേന്ദ്ര അവഗണനയ്ക്കെതിരെ ശക്തമായ സമര നടപടികളുമായും മുന്നോട്ടുപോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു. സർക്കാരിന്റെ എല്ലാ പ്രവർത്തനങ്ങളെയും എതിർക്കുന്ന സമീപനം

പ്രതിപക്ഷം അവസാനിപ്പിക്കണം. ടൂറിസം മേഖലയിൽ 5000 കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പാക്കുമെന്നും ലൈഫ് പദ്ധതിയിൽ 2025 മാർച്ച് ആകുമ്പോൾ 5 ലക്ഷം വീടുകൾ പൂർത്തിയാക്കുമെന്നും ക്ഷേമപെൻഷനുകൾ കൃത്യമായി നൽകാൻ സംവിധാനമുണ്ടാക്കുമെന്നും അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുമെന്നുമുള്ള പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്. വയോജനങ്ങൾക്ക് സ്വകാര്യ പങ്കാളിത്തത്തോടെ അന്തർദ്ദേശീയ നിലവാരത്തിലുള്ള കെയർ സെന്ററുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം പ്രശംസനീയമാണ്. തരൂർ മണ്ഡലത്തിലെ കഴനി-പഴമ്പാലക്കോട് റോഡ് നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാനും വ്യവസായ പാർക്ക് യാഥാർത്ഥ്യമാക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: ബജറ്റിനെ അനുകൂലിക്കുന്നു. ദരിദ്രരുടെയും സാധാരണക്കാരുടെയും ജീവിതത്തിന് കരുതൽ നൽകാനും അവരുടെ പ്രാപ്തി വർദ്ധിപ്പിക്കാനും ഭാവിയിലെ വികസന കുതിപ്പിനുതകുന്ന പ്രവർത്തനങ്ങൾ വിഭാവന ചെയ്യാനും ബജറ്റിലൂടെ കഴിഞ്ഞിട്ടുണ്ട്. ആരോഗ്യ വികസന സൂചികയിൽ കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചതും ദാരിദ്ര്യനിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളം മാറിയതും അഭിനന്ദനാർഹമാണ്.

വിഴിഞ്ഞം തുറമുഖ പദ്ധതിയെ അടിസ്ഥാനമാക്കിയുള്ള പ്രത്യേക വികസന പദ്ധതികൾ ബജറ്റിൽ ഉൾപ്പെടുത്തിയതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം വർദ്ധിപ്പിച്ചതും അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിന് 50 കോടി രൂപ വകയിരുത്തിയതും സ്വാഗതാർഹമാണ്. സാമ്പത്തിക ഉപരോധം ഏർപ്പെടുത്തി ഭരണത്തെയും ജനങ്ങളെയും പ്രതിസന്ധിയിലാക്കുന്ന കേന്ദ്ര സർക്കാർ നിലപാടുകൾക്കെതിരെ പ്രതിപക്ഷം പ്രതികരിക്കാത്തത് ഖേദകരമാണ്.

<u>ശ്രീ. നജീബ് കാന്തപുരം:</u> ബജറ്റിനെ എതിർക്കുന്നു. സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ ബജറ്റ് പ്രഖ്യാപനങ്ങൾക്ക് കഴിയില്ല. ആശുപത്രികളിലെ മരുന്ന് ക്ഷാമം പരിഹരിക്കുന്നതിനും മാവേലി സ്റ്റോറുകളിൽ സബ്സിഡി സാധനങ്ങൾ ലഭ്യമാക്കുന്നതിനും ക്ഷേമ പെൻഷനുകൾ മുടക്കമില്ലാതെ നൽകുന്നതിനും കോൺട്രാക്ടർമാർക്ക് കുടിശ്ശിക നൽകുന്നതിനും ക്ഷേമ പെൻഷൻ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ഉന്നത വിദ്യാഭ്യാസ മേഖലയിലെ സിലബസ് കാലഘട്ടത്തിനനുസൃതമായി പരിഷ്കരിക്കുകയും നാഷണൽ സ്റ്റഡി ഹബ്ബായി

സംസ്ഥാനത്തെ മാറ്റുകയും സംസ്ഥാനത്തുടനീളം വ്യവസായികൾക്കനുകൂലമായ സാഹചര്യമൊരുക്കുകയും വേണം.

ശ്രീ. പി. വി. ശ്രീനിജിൻ: ബജറ്റിനെ അനുകൂലിക്കുന്നു. കഴിഞ്ഞ എട്ടുവർഷത്തിനുള്ളിൽ സമസ്ത മേഖലകളിലും മുന്നേറ്റമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ സംസ്ഥാന വിരുദ്ധ നിലപാടിനെതിരെ ഒരുമിച്ച് പോരാടാൻ പ്രതിപക്ഷം തയ്യാറാകണം. ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാ മണ്ഡലങ്ങൾക്കും ബജറ്റിൽ തുല്യപരിഗണന നൽകിയിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സംസ്ഥാനമൊട്ടാകെ ഒന്നര ലക്ഷത്തോളം വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. മോഹനൻ: ബജറ്റിനെ അനുകൂലിക്കുന്നു. വ്യവസായ വകുപ്പിന് കീഴിൽ പ്രവാസികളുടെ സഹകരണത്തോടെ പുതിയ പദ്ധതികൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കണം. വിദേശ വിദ്യാർത്ഥികളെയുൾപ്പെടെ ആകർഷിക്കുംവിധം ലോകോത്തര നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാനും വിദ്യാലയങ്ങളെയും സർവ്വകലാശാലകളെയും മികവിന്റെ കേന്ദ്രങ്ങളായി ഉയർത്താനുമാവശ്യമായ പ്രവർത്തനങ്ങൾ നടത്തണം. മൂന്നുവർഷംകൊണ്ട് മൂന്ന് ലക്ഷം കോടി രൂപയുടെ നിക്ഷേപം ആകർഷിക്കാൻ അന്തർദ്ദേശീയ നിക്ഷേപക സംഗമം സംഘടിപ്പിക്കുമെന്ന

പ്രഖ്യാപനം സ്വാഗതാർഹമാണ്. നവോദയകുന്ന് കേന്ദ്രീകരിച്ച് ഐ.ടി. അധിഷ്ഠിത സേവനങ്ങൾക്കും സ്റ്റാർട്ടപ്പുകൾക്കുമായുള്ള കേന്ദ്രം സ്ഥാപിക്കുന്നതിനായുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കണം. വയോജന സംരക്ഷണത്തിന് കെയർ സെന്ററുകൾ സ്ഥാപിക്കുമ്പോൾ ഓരോ പഞ്ചായത്തിലും അങ്കണവാടികൾ കേന്ദ്രീകരിച്ച് ആരംഭിക്കാൻ നടപടി സ്വീകരിക്കണം. കുടുംബശ്രീക്ക് 250 കോടി രൂപ വകയിരുത്തിയതിനെ സ്വാഗതം ചെയ്യുന്നു. കുടുംബശ്രീ പ്രവർത്തകർക്ക് 1000 രൂപ ഓണറേറിയം അനുവദിക്കുകയും ഹരിതകർമ്മസേന അംഗങ്ങൾക്ക് സഹായം നൽകുകയും വേണം. വാഗ്ഭടാനന്ദന്റെ പേരിൽ സാംസ്കാരിക കേന്ദ്രവും ചിത്രകാരൻ കെ. ജി. സുബ്രഹ്മണ്യത്തിന്റെ പേരിൽ ആർട്ട് ഗ്യാലറി ഉൾപ്പെടെയുള്ള സാംസ്കാരിക സമുച്ചയവും നിർമ്മിക്കണം. സംസ്ഥാനത്തെ പ്രധാനപ്പെട്ട ആശുപത്രികളിൽ പുതുതായി ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിനനുസൃതമായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും സ്വകാര്യ ഡയാലിസിസ് കേന്ദ്രങ്ങളിൽ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഡയാലിസിസിന് സൗകര്യമേർപ്പെടുത്തുകയും വേണം. കാർഷിക മേഖലയിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കാനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും വർദ്ധിപ്പിക്കാനും പുതുതലമുറയെ

കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കാനും നടപടി സ്വീകരിക്കണം. അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന കാർഷിക വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കുകയും കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ഉല്പാദിപ്പിക്കുന്ന കാർഷിക യന്ത്രങ്ങൾ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖാന്തരം വിപണിയിലെത്തിക്കാനാവശ്യമായ പദ്ധതികൾ രൂപീകരിക്കുകയും വേണം. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വിവിധ ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കണം. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം കൂടുതൽ യാത്രക്കാർക്ക് ഉപയോഗപ്രദമാക്കുന്നതിനുള്ള ഇടപെടൽ നടത്തണം. നിയോജക മണ്ഡലങ്ങളുടെ വികസനത്തിന് കൂടുതൽ ഫണ്ട് അനുവദിക്കുകയും അവയുടെ ക്രിയാത്മകമായ വിനിയോഗം സാധ്യമാക്കുകയും ചെയ്യണം.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: ബജറ്റിനെ അനുകൂലിക്കുന്നു. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചും ധനദൃഢീകരണ മാനദണ്ഡങ്ങൾ പാലിച്ചുമാണ് സംസ്ഥാനം മുന്നോട്ടുപോകുന്നത്. രാജ്യത്തെ ഉയർന്ന വരുമാന വർദ്ധന നിരക്കും ഉത്പാദന വളർച്ച നിരക്കും ആർജ്ജിക്കാൻ സംസ്ഥാനത്തിന് സാധിച്ചത് അഭിമാനകരമാണ്. ജി.എസ്.ടി വരുമാനത്തിൽ 5,344 കോടി രൂപയുടെ

വർദ്ധനയുണ്ടായതും തനത് വരുമാനം 23.36% ആയി ഉയർന്നതും കടബാധ്യതയിൽ 2%-ന്റെ കുറവുണ്ടായതും റവന്യൂ കമ്മി ആഭ്യന്തര ഉത്പാദനത്തിന്റെ 0.88% ആയി കുറഞ്ഞതും മികച്ച ധനകാര്യ മാനേജ്മെന്റിന് തെളിവാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2,27,800 നിയമന ശിപാർശകൾ പി.എസ്.സി. മുഖേന നൽകാനും 2018 റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കാനും സാധിച്ചുവെന്നത് ശ്രദ്ധേയമാണ്. നീതി ആയോഗിന്റെ മാനവ വിഭവശേഷി സൂചികയിൽ കേരളം ഒന്നാം സ്ഥാനം നേടിയതും അതിദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമായി കേരളം മാറിയതും ശ്ലാഘനീയമാണ്. സാമൂഹ്യ ക്ഷേമ പെൻഷൻ, ലൈഫ് മിഷൻ, ആരോഗ്യ ഇൻഷ്വറൻസ്, ജൽ ജീവൻ മിഷൻ തുടങ്ങിയ പദ്ധതികൾക്ക് തുച്ഛമായ വിഹിതമാണ് കേന്ദ്ര സർക്കാർ നൽകുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് വിഹിതം 28 ശതമാനമായി വർദ്ധിപ്പിച്ചത് സ്വാഗതാർഹമാണ്. മൃഗസംരക്ഷണ-ക്ഷീര മേഖലകൾക്കും സിവിൽ സപ്ലൈസിനും പട്ടയ മിഷൻ പ്രവർത്തനങ്ങൾക്കും വില്ലേജ് ഓഫീസുകൾക്ക് വാഹനം വാങ്ങുന്നതിനും കൂടുതൽ ഫണ്ട് അനുവദിക്കണം. കൊല്ലം മെഡിക്കൽ കോളേജിനുവേണ്ടിയുള്ള സ്ഥലമേറ്റെടുക്കലിന് അനുകൂല നിർദ്ദേശമുണ്ടാകണം. ജി.എസ്.ടി നഷ്ടപരിഹാരം നിർത്തലാക്കുകയും

റവന്യൂ ഡെഫിസിറ്റ് ഗ്രാന്റിനത്തിലും കടമെടുപ്പ് പരിധിയിലും മറ്റും കുറവ് വരുത്തുകയും ചെയ്ത് കേന്ദ്ര സർക്കാർ സംസ്ഥാനത്തെ ബുദ്ധിമുട്ടിക്കുകയാണ്.

ശ്രീമതി യു. പ്രതിഭ: ബജറ്റിനെ അനുകൂലിക്കുന്നു. നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിലും 2021-ലെ പബ്ലിക് അഫയേഴ്സ് ഇൻഡക്സിലും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ മികവിന്റെ സൂചികയിലും സംസ്ഥാനം ഒന്നാം സ്ഥാനം നേടിയത് അഭിമാനകരമാണ്. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനം കേരളമാണ്. കൊല്ലം, ആലപ്പുഴ ബൈപ്പാസുകൾ, തീരദേശ-മലയോര പാതകളുടെ നിർമ്മാണം, ഗെയിൽ പൈപ്പ് ലൈൻ എന്നിവ യാഥാർത്ഥ്യമാക്കിയ സർക്കാർ സംസ്ഥാനത്തിന്റെ തുടർവികസനം ലക്ഷ്യമിട്ടുകൊണ്ടും പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ പാലിച്ചുകൊണ്ടുമാണ് മുന്നോട്ടുപോകുന്നത്. ധനപ്രതിസന്ധിക്കിടയിലും തനത് വരുമാനത്തിൽ വർദ്ധനയുണ്ടാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ജനസംഖ്യയുടെ 20 ശതമാനമാളുകൾക്കും പെൻഷൻ കൊടുക്കുന്ന സംസ്ഥാനമാണ് കേരളം. കേന്ദ്രാവിഷ്കൃത പദ്ധതികൾ വെട്ടിക്കുറച്ചും സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കും നെല്ലുസംഭരണത്തിനുമുള്ള കേന്ദ്രവിഹിതം മുടക്കിയും സംസ്ഥാനത്തോട് കടുത്ത സാമ്പത്തിക ഉപരോധം തീർക്കുന്ന

കേന്ദ്രസർക്കാർ നടപടികൾക്കെതിരെ ഡൽഹിയിൽ നടന്ന ഐതിഹാസിക സമരത്തിൽ പ്രതിപക്ഷം പങ്കെടുക്കാത്തത് നിർഭാഗ്യകരമാണ്.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: ബജറ്റിനെ എതിർക്കുന്നു. കേന്ദ്ര ബജറ്റ് സംസ്ഥാനത്തെ അവഗണിച്ചതുപോലെയാണ് സംസ്ഥാന ബജറ്റ് കാസർഗോഡ് ജില്ലയെ അവഗണിച്ചത്. എൻഡോസൾഫാൻ രോഗബാധിതരെക്കുറിച്ചും കാസർഗോഡ് മെഡിക്കൽ കോളേജ്, ടാറ്റാ ഹോസ്പിറ്റൽ എന്നിവയെപ്പറ്റിയും ബജറ്റിൽ യാതൊന്നും പരാമർശിക്കാത്തത് അപലപനീയമാണ്. കാസർഗോഡ് വികസന പാക്കേജിനായി 75 കോടി രൂപ മാത്രമാണ് നീക്കിവച്ചിട്ടുള്ളത്. മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ മിനി സിവിൽ സ്റ്റേഷൻ അനുവദിക്കാത്തതും തുളു ഭാഷ അക്കാദമിക്ക് ഫണ്ട് അനുവദിക്കാത്തതും പ്രതിഷേധാർഹമാണ്. ടി ഉബൈദ് മാപ്പിളകലാ അക്കാദമിക്കുവേണ്ടി ഒരു കോടിരൂപ നീക്കിവച്ച നടപടി സ്വാഗതാർഹമാണ്. കാസർഗോഡ് വികസനത്തിനും കാസർഗോഡ് മെഡിക്കൽ കോളേജിനും ഒരു പ്രത്യേക പാക്കേജുണ്ടാക്കാനും കാസർഗോഡ് ജില്ലയിലെ ഉദ്യോഗസ്ഥക്ഷാമം പരിഹരിക്കാനുമുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ബജറ്റിനെ എതിർക്കുന്നു. പെട്രോളിനും ഡീസലിനും മദ്യത്തിനും സെസ് ഏർപ്പെടുത്തിയെങ്കിലും പ്രതീക്ഷിച്ച

വരുമാനം ലഭിച്ചിട്ടില്ല. ഗ്രീൻ ഹൈഡ്രജൻ ഹബ്ബുകൾക്കായി നീക്കിവച്ച തുക ചെലവഴിക്കാത്തതും കെട്ടിടനിർമ്മാണ ക്ഷേമനിധി പെൻഷൻ കുടിശ്ശികവരുത്തിയതും ഇ-വേ ബിൽ നടപ്പിലാക്കാത്തതും പ്രതിഷേധാർഹമാണ്. പ്രവാസികൾക്കായി ആവിഷ്കരിച്ച വിവിധ പദ്ധതികളിന്മേൽ നാമമാത്ര തുകയാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്. മുൻ വർഷത്തെ അപേക്ഷിച്ച് പൊതുജനാരോഗ്യമേഖലയിലെ പദ്ധതി ചെലവിൽ കുറവ് വരുത്തിയത് ഖേദകരമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവിനത്തിൽ 33 ശതമാനം മാത്രമാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്. കോട്ടയം നിയോജകമണ്ഡലത്തിലെ 20 പ്രവൃത്തികൾക്ക് മതിയായ തുക അനുവദിക്കാത്തത് അപലപനീയമാണ്.

<u>ശ്രീ. പി. വി. അൻവർ</u>: ബജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാർ സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുമ്പോൾ അതിനെ മറികടന്നുകൊണ്ട് സർവ്വമേഖലയെയും സ്പർശിക്കുന്ന ബജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. വന്യജീവി ആക്രമണത്തിൽനിന്നും സംസ്ഥാനത്തെ ജനങ്ങളെ രക്ഷിക്കാനുള്ള പദ്ധതിക്ക് കേന്ദ്രസർക്കാർ ഫണ്ട് അനുവദിക്കാത്തത് ഖേദകരമാണ്. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി ബജറ്റിൽ അനുവദിച്ച തുക വർദ്ധിപ്പിക്കാനും

സാമൂഹ്യക്ഷേമ പെൻഷൻ തുക വർദ്ധിപ്പിക്കാനും കുടിശ്ശിക വിതരണം ചെയ്യാനും നിലമ്പൂർ ബൈപ്പാസിനാവശ്യമായ ഫണ്ട് അനുവദിക്കാനും നടപടി സ്വീകരിക്കണം. നവകേരള സദസ്സുമായി ബന്ധപ്പെട്ട് നിലമ്പൂർ മണ്ഡലത്തിൽ നിന്നും ലഭിച്ച പരാതികളിൽ ബഹുഭൂരിപക്ഷത്തിനും പരിഹാരം കാണാൻ സാധിച്ചിട്ടുണ്ടെന്നുള്ളത് അഭിനന്ദനാർഹമാണ്.

## VII നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(I) 2024-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): വാതുവെയ്പ്പ്, കാസിനോകൾ, ചൂതാട്ടം, കുതിരപ്പന്തയം, ഓൺലൈൻ മണി ഗെയ്മിംഗ് തുടങ്ങിയവയുമായി ബന്ധപ്പെട്ട് പുതിയ നികുതി നിരക്ക്

നിശ്ചയിക്കുന്നതിനുവേണ്ടിയുള്ളതാണ് ഈ ബിൽ. ഓൺലൈൻ ഗെയ്മിംഗിന് 18 ശതമാനം നികുതിയാണുണ്ടായിരുന്നത്. ഓൺലൈൻ ഗെയ്മിംഗ് പ്രോൽസാഹിപ്പിക്കാൻ സംസ്ഥാനത്തിന് താൽപര്യമില്ലാത്തതിനാൽ അത് നിരോധിക്കാനുള്ള പ്രൊവിഷൻ ബില്ലിലുൾപ്പെടുത്തിയിട്ടുണ്ട്. പുതിയ നികുതി നിരക്ക് നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട ഓർഡിനൻസ് ബിൽ ആക്കലാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. വാതുവെയ്പ്പ്, കാസിനോകൾ, ചൂതാട്ടം, കുതിരപ്പന്തയം, ഓൺലൈൻ മണി ഗെയ്മിംഗ് എന്നിവയെ നിയമത്തിലൂടെ സംരക്ഷിച്ചാൽ പിന്നീട് അതിനെ മറികടക്കാൻ സാധിക്കാത്ത സാഹചര്യം സംജാതമാകുമെന്നതിനാൽ ഈ നിയമം പാസ്സാക്കരുത്.

ശ്രീ. എൻ. ഷംസുദ്ദീൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഓൺലൈൻ ഗെയ്മിംഗിന്റെ നികുതി വർദ്ധിപ്പിക്കുന്നത് അധാർമ്മികമായ ഇത്തരം പ്രവൃത്തികൾ സമൂഹത്തിൽ അനുവദിക്കുന്നതിന് തുല്യമാകും. സംസ്ഥാനത്തെ പൊതുകടവും പലിശയും കുറയ്ക്കാനുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ പരാമർശിക്കാത്തത് ഖേദകരമാണ്. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി രൂപീകരിച്ച ആംനെസ്റ്റി പദ്ധതിയുടെ പുരോഗതി

പരിശോധിക്കേണ്ടതുണ്ട്. സാമൂഹ്യക്ഷേമ പെൻഷൻ വർദ്ധിപ്പിക്കണം. മണ്ണാർക്കാട് മണ്ഡലത്തിലെ അട്ടപ്പാടി റോഡിന്റെ രണ്ട്, മൂന്ന് ഫേസുകൾക്ക് അനുവാദം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പണം വച്ചുള്ള ചൂതാട്ടങ്ങൾക്ക് 28% ജി.എസ്.ടി. ഏർപ്പെടുത്തുന്നതിനും ജി.എസ്.ടി. നിയമത്തിൽ നിലവിലുള്ള ചില അവ്യക്തതകൾ നീക്കുന്നതിനുമുള്ള ഭേദഗതി സ്വാഗതാർഹമാണ്. 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ ട്രിഡയ്ക്ക് നാലുകോടി രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനത്തിന്റെ ഭാഗമായുള്ള റീഹാബിലിറ്റേഷൻ കോംപ്ലക്സ് നിർമ്മാണത്തിന് 30 കോടിയോളം രൂപ വേണ്ടിവരുമെന്നതിനാൽ പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടൽ ഉണ്ടാകണം.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി

(ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നികുതി ഏർപ്പെടുത്തിക്കൊണ്ട് ഓൺലൈൻ ഗെയ്മിംഗിന് അനുവാദം നൽകുന്നത് ഉചിതമല്ല. ജി.എസ്.ടി.-യും കുടിശ്ശികയും കൃത്യമായി പിരിച്ചെടുക്കാനും ജി.എസ്.ടി. ഓഫീസുകളിൽ അടിസ്ഥാന സൗകര്യമൊരുക്കാനും കാസർഗോഡ് നഗരത്തിൽ ഒഴിഞ്ഞുകിടക്കുന്ന 20 സെന്റ് സ്ഥലത്ത് ജി.എസ്.ടി. കോംപ്ലക്സ് നിർമ്മിക്കാനും അതിർത്തി ചെക്ക് പോസ്റ്റുകളിൽ വാഹനപരിശോധന കാര്യക്ഷമമാക്കി നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെയും അനുബന്ധ സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ ലഭ്യമാക്കാനും മുതിർന്ന മാധ്യമ പ്രവർത്തകരുടെ പെൻഷൻ കുടിശ്ശിക വിതരണം ചെയ്യാനുമുള്ള നടപടികൾ ത്വരിതഗതിയിലാക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): കേന്ദ്ര ജി.എസ്.ടി. നിയമത്തിൽ ഓൺലൈൻ ഗെയ്മിംഗിന് 28% നികുതി ഏർപ്പെടുത്താൻ തീരുമാനിച്ചതിനെത്തുടർന്നാണ് സംസ്ഥാന ജി.എസ്.ടി. നിയമത്തിലും ഭേദഗതി വരുത്താൻ തീരുമാനിച്ചത്. സംസ്ഥാനത്ത്

ഏതെങ്കിലുമൊരു ഗെയ്മിംഗിനെ നിരോധിക്കാൻ ഈ നിയമം നിർമ്മിക്കുന്നതുകൊണ്ട് തടസ്സമില്ലെന്ന് കരട് ബില്ലിലെ 5-ാം ഖണ്ഡത്തിൽ വ്യക്തമാക്കുന്നുണ്ട്. ഖണ്ഡം 102(എ)-യിൽ ഭാഗ്യക്കുറിക്ക് പ്രത്യേക എൻട്രി വന്നില്ലെങ്കിൽ മൊത്തത്തിൽ നിരോധനം ഏർപ്പെടുത്തുമ്പോൾ ഭാഗ്യക്കുറിയും നിരോധിക്കപ്പെടും. ഓൺലൈൻ ലോട്ടറി കേരളത്തിൽ നിരോധിച്ചിട്ടുണ്ട്. പബ്ജി, ബ്ലൂവെയിൽ തുടങ്ങിയ ഓൺലൈൻ ഗെയ്മുകൾക്ക് അനുവാദം നൽകില്ലെന്നുള്ള ശക്തമായ നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. 01-04-2023 മുതൽ 31-01-2024 വരെ ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട 841 കേസുകളിലായി 1622 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. ചെക്ക് പോസ്റ്റുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2024-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

145, 146, 148, 149, 153, 156, 157, 163, 173, 175, 177, 181, 182, 183, 189, 193, 202 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

209, 216, 221, 226 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

227, 228 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

233, 237 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

108, 113, 116, 122, 131, 134, 137 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2024-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രമേയത്തെ പിന്താങ്ങുന്നു.

2024-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ശബ്ദ വോട്ടോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(iii) 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2024-ലെ കേരള പഞ്ചായത്ത് രാജ്

(ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. ഉബൈദുള്ള: വിയോജിപ്പ് രേഖപ്പെടുത്തുന്നു. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും അവ ലംഘിക്കുന്നവർക്കുള്ള ശിക്ഷാവ്യവസ്ഥകൾകൂടി ഉൾപ്പെടുത്തുന്നതിനുമുള്ള ഭേദഗതി വരുത്തുന്നതിനാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള ജനവാസമില്ലാത്ത ഭൂമിയിൽ മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ടുള്ള കുറ്റകൃത്യങ്ങൾക്കുള്ള പിഴ സംബന്ധിച്ച് വ്യക്തത വരുത്തണം. വീടുകളിൽനിന്ന് യൂസർ ഫീ നൽകി പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതോടൊപ്പം മറ്റ് മാലിന്യങ്ങളുടെ കാര്യത്തിൽക്കൂടി സംവിധാനം ഏർപ്പെടുത്തണം. വിദേശ രാജ്യങ്ങളിലുള്ളതുപോലെ ആധുനിക സംവിധാനങ്ങളോടുകൂടിയ മാലിന്യസംസ്കരണ കേന്ദ്രങ്ങൾ ആരംഭിക്കണം.

ശ്രീ. പി. എസ്. സുപാൽ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ): 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ ഭേദഗതി വരുത്തുന്നതിനുള്ള തീരുമാനം പ്രശംസനീയമാണ്. കേരളത്തെ സമ്പൂർണ്ണ മാലിന്യമുക്തമാക്കുന്നതിനുള്ള ദൗത്യം സംസ്ഥാന സർക്കാർ വിവിധ ഏജൻസികളുടെ സഹായത്തോടുകൂടി ആരംഭിച്ചിട്ടുണ്ട്. മാലിന്യമുക്ത നവകേരള ക്യാമ്പയിനിലൂടെ എല്ലാ വീടുകളിലും സ്വന്തമായി കമ്പോസ്റ്റ് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനും സ്ഥലസൗകര്യം ഒട്ടുമില്ലാത്ത വീടുകളിലെ ജൈവമാലിന്യം കമ്മ്യൂണിറ്റിതലത്തിൽ സംസ്കരിക്കാനുമുള്ള സംവിധാനവും വിഭാവന ചെയ്യുന്നുണ്ട്. വീടുകളിൽ ബാർകോഡ് സ്കാൻ ചെയ്യുന്നതിനും മാലിന്യങ്ങളുമായി ബന്ധപ്പെട്ട ക്രയവിക്രയങ്ങൾ നടത്തുന്നതിനുമായി ഹരിതകർമ്മസേനാംഗങ്ങൾക്ക് സ്മാർട്ട് ഫോൺ ലഭ്യമാക്കാനുള്ള പദ്ധതികൂടി ആവിഷ്കരിക്കണം. മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനികൾക്കുപുറമേ എംപാനൽ ചെയ്ത കമ്പനികൾക്കും നൽകുന്നതിനും ഹരിത കർമ്മ സേനകൾക്ക് വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തന കലണ്ടർ രൂപീകരിക്കണം. ചെക്ക്പോസ്റ്റുകളിൽ/ഉറവിടങ്ങളിൽ വച്ചുതന്നെ നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ ലഭ്യത നിയന്ത്രിക്കണം. തനതുവരുമാനമുള്ള പഞ്ചായത്തുകൾക്ക് മഴക്കാലപൂർവ്വ ശുചീകരണത്തിനായി കൂടുതൽ തുക വിനിയോഗിക്കാനുള്ള അനുവാദം നൽകണം. ശാസ്ത്രീയ പഠനം നടത്തി തീരപ്രദേശത്തും കോളനികളിലും അനുയോജ്യമായ സെപ്റ്റിക് ടാങ്ക് സംവിധാനം ഏർപ്പെടുത്തണം. യൂസർ ഫീ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ പ്രതിമാസം 50 ശതമാനം പിഴ അടയ്ക്കേണ്ടി വരുമെന്ന വ്യവസ്ഥ പുനഃപരിശോധിക്കണം. 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം' എന്ന ക്യാമ്പയിൻ ശക്തിപ്പെടുത്തണം. വ്യാപാര സ്ഥാപനങ്ങൾക്ക് അക്ഷയ കേന്ദ്രങ്ങൾവഴി സേവനങ്ങൾ ലഭ്യമാക്കണമെങ്കിൽ യൂസർ ഫീ അടച്ച രസീതുകൂടി അപ്ലോഡ് ചെയ്യണമെന്ന വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം. ഹരിത കർമ്മസേനയെ ശക്തിപ്പെടുത്താനുള്ള ഭേദഗതികളാണ് ബില്ലിലൂടെ കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. ടി. പി. രാമകൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം (<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട്

കമ്മിറ്റിയുടെ പരിഗണനയ്ക്കുയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഭേദഗതി 5 (3)-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഖരമാലിന്യ സംസ്കരണത്തിന്റെ പൂർണ്ണ ചുമതല നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ കടമകളും ഉത്തരവാദിത്വങ്ങളും ചുമതലകളും സെക്രട്ടറി മുഖേന നിർവ്വഹിക്കുകയും വേണം. 219 എബി (3) പ്രകാരം 'അത്യാവശ്യഘട്ടങ്ങളിൽ പഞ്ചായത്ത് പ്രസിഡന്റിന്റെ അറിവോടുകൂടി' എന്നുള്ളത് 'പഞ്ചായത്ത് പ്രസിഡന്റിന്റെ അംഗീകാരത്തോടുകൂടി' എന്ന് ഭേദഗതി ചെയ്യണം. പഞ്ചായത്ത് രാജ് സംവിധാനത്തിലൂടെ അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്ന നിലപാടുകളും നടപടികളുമാണ് സ്വീകരിക്കേണ്ടത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ജോലി ഭാരം കുറയ്ക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുകയും ഗ്രാമസഭകളെ ശക്തിപ്പെടുത്തുകയും വേണം. ജോലി ഭാരം കുറവുള്ള വകുപ്പുകളിലെ ഉദ്യോഗസ്ഥരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യാസം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം. സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതിയും സഹകരണ

സംഘങ്ങളും തമ്മിലുള്ള സംയോജനം ഫലപ്രദമായി നടപ്പിലാക്കണം. കിണറുകളിലെ വെള്ളം ശുദ്ധീകരിക്കാനാവശ്യമായ സംവിധാനം ഏർപ്പെടുത്തണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി 28.1 ശതമാനം ഫണ്ട് നീക്കിവച്ച നടപടി സ്വാഗതാർഹമാണ്.

<u>ശ്രീ. ജോബ് മൈക്കിൾ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മാലിന്യ സംസ്കരണം കൃത്യമായി നിറവേറ്റുവാനും ആയതിൽ വീഴ്ചവരുത്തുന്നവരെ കണ്ടെത്തി ശിക്ഷാ നടപടികൾ സ്വീകരിക്കുവാനും വ്യവസ്ഥ ചെയ്യുന്ന ബില്ലിനെ അനുകൂലിക്കുകയാണ്. മാലിന്യവും മാലിന്യസംസ്കരണ സംവിധാനങ്ങളിലെ പോരായ്മകളുമാണ് നാം നേരിടുന്ന പ്രധാന പ്രശ്നം. മാലിന്യം വലിച്ചെറിയുന്ന ശീലം മാറ്റുന്നതിനാവശ്യമായ ബോധവത്കരണം നൽകണം. മാലിന്യം പ്രൊഡക്ടീവായി ഉപയോഗിക്കുന്നതിന് സാധിക്കണം. പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും പ്ലാസ്റ്റിക് കുപ്പികൾ ശേഖരിക്കുന്ന ബിന്നുകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകണം. പഞ്ചായത്തിന്റെ മുൻകൂർ അനുമതിയില്ലാതെ നൂറിലധികം ആളുകളുടെ

ഒത്തുചേരൽ സംഘടിപ്പിക്കാൻ പാടില്ലെന്ന വ്യവസ്ഥയിൽ 'നൂറിലധികം' എന്നത് വർദ്ധിപ്പിക്കാവുന്നതാണ്. മാലിന്യസംസ്കരണം സംബന്ധിച്ച ഉത്തരവാദിത്വം സെക്രട്ടറി നിർവ്വഹിക്കേണ്ടതാണെന്ന വ്യവസ്ഥ പഞ്ചായത്ത് ഭരണ സമിതികളെ വ്യക്തമായി ബോധ്യപ്പെടുത്തേണ്ടതാണ്. 'മാലിന്യമുക്ത കേരളം' പദ്ധതിക്കെതിരെ മുഖംതിരിക്കുന്ന പഞ്ചായത്തുകളോട് വിശദീകരണം ആവശ്യപ്പെടുകയും പദ്ധതിയുമായി സഹകരിക്കുന്ന പഞ്ചായത്തുകൾക്ക് പ്രത്യേക സഹായം നൽകുകയും വേണം. മാലിന്യസംസ്കരണം സംബന്ധിച്ച ബോധവത്കരണം സ്കൂൾതലം മുതൽ നൽകുന്നതിന് നടപടിയുണ്ടാകണം. റോഡരികത്ത് വസിക്കുന്നവർ വീടിന് മുൻവശത്തെ റോഡിന്റെ ഭാഗം മാലിന്യമുക്തമാക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കണം. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനവിഭാഗങ്ങളെ യൂസർ ഫീസ് ഒടുക്കുന്നതിൽനിന്ന് ഒഴിവാക്കണം. ജലാശയങ്ങൾ ഉൾപ്പെടെ മലിനമാക്കാൻ ശ്രമിക്കുന്നവർ നിയമനടപടികൾക്ക് വിധേയരാകേണ്ടി വരുമെന്ന് ബോധ്യപ്പെടുത്തണം. ബ്രഹ്മപുരം ഉൾപ്പെടെയുള്ള ഖരമാലിന്യ പ്ലാന്റുകൾക്ക് സമീപം താമസിക്കുന്നവരുടെ സംരക്ഷണം ഉറപ്പുവരുത്തണം. ഹരിതകർമ്മ സേനയുടെ വേതനം കാലോചിതമായി പരിഷ്കരിക്കുന്നതിനും ഹരിതകർമ്മ

സേനയുടെ അംഗബലം ഉറപ്പാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണം. ഇ-വേസ്റ്റ് നിർമ്മാർജ്ജനം ഫലപ്രദമായി നടപ്പാക്കണം.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ബിൽ നിയമമായാൽ പഞ്ചായത്ത് സെക്രട്ടറിയിൽ അധികാരം കേന്ദ്രീകരിക്കപ്പെടും. മാലിന്യസംസ്കരണത്തിന്റെ പേരിൽ പഞ്ചായത്ത് പ്രസിഡന്റിന്റെ അധികാരം കവർന്നെടുക്കുന്നത് അംഗീകരിക്കാൻ കഴിയുന്നതല്ല. ഗ്രാമസഭകളെക്കുറിച്ച് ബില്ലിൽ പരാമർശമില്ലാത്തത് ഖേദകരമാണ്. പഞ്ചായത്ത് പ്രസിഡന്റിന്റെയോ, ഭരണസമിതിയുടെയോ അംഗീകാരത്തോടെയല്ലാതെ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്നതിന് പഞ്ചായത്ത് ഫണ്ടിൽനിന്നും രണ്ടുലക്ഷം രൂപ വരെ സെക്രട്ടറിക്ക് ചെലവഴിക്കാവുന്നതാണെന്ന വ്യവസ്ഥയും പിഴ ചുമത്താൻ സെക്രട്ടറിയെ അധികാരപ്പെടുത്തിക്കൊണ്ടുള്ള വ്യവസ്ഥയും ഒഴിവാക്കണം. യൂസർ ഫീസ്

അടയ്ക്കുന്നതിൽ വീഴ്ചവരുത്തുന്നവർക്ക് ഗ്രാമ പഞ്ചായത്തിൽനിന്നും സേവനം നൽകില്ലെന്ന വ്യവസ്ഥ പ്രതിഷേധാർഹമാണ്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റിലെ ലെഗസി വേസ്റ്റ് നീക്കം ചെയ്യുന്നതിന് ബയോ മൈനിംഗ് ആരംഭിച്ചിട്ടുണ്ട്. കൊച്ചിയിൽ കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റ് ആരംഭിക്കുന്നതിന് ബി.പി.സി.എൽ.-ന് അനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരത്ത് ടി പ്ലാന്റ് സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. യൂസർ ഫീ അടയ്ക്കുന്നതിൽനിന്നും അതിദരിദ്രരെ ഒഴിവാക്കിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ യൂസർ ഫീ അടയ്ക്കുന്നതിൽനിന്നും ആരെയെങ്കിലും ഒഴിവാക്കുന്നെങ്കിൽ അവരുടെ വിഹിതം തദ്ദേശഭരണ സ്ഥാപനങ്ങൾ ഹരിതകർമ്മസേനയ്ക്ക് നൽകേണ്ടതാണ്. ഹരിത കർമ്മസേനയ്ക്ക് സുരക്ഷാ ഉപകരണങ്ങളും വാഹനങ്ങളും നൽകാൻ തീരുമാനിച്ചിട്ടുണ്ട്. മാലിന്യശേഖരണത്തിന് ക്ലീൻ കേരള കമ്പനിക്കുപുറമെ എൺപതോളം ഏജൻസികളെ എംപാനൽ ചെയ്തിട്ടുണ്ട്. യഥാസമയം യൂസർ ഫീ അടയ്ക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ

വേണ്ടിയാണ് പിഴത്തുക കൂട്ടിനിശ്ചയിച്ചിട്ടുള്ളത്. 2016-ലെ ഖര മാലിന്യ സംസ്കരണ ചട്ടങ്ങൾ പ്രകാരമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയാൽ മാത്രമേ വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി നൽകാൻ പാടുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണത്തിൽ സെക്രട്ടറിയുടെ ഉത്തരവാദിത്വങ്ങൾ നിർവ്വചിക്കുകയാണ് ചെയ്തിട്ടുള്ളത്. അടിയന്തരഘട്ടങ്ങളിൽ പ്രസിഡന്റിന്റെ അറിവോടുകൂടി 2,00,000/-രൂപവരെ ചെലവഴിക്കാനുള്ള വിവേചനാധികാരമാണ് സെക്രട്ടറിക്ക് നൽകിയിട്ടുള്ളത്. പ്ലാസ്റ്റിക് ബോട്ടിലുകൾ വലിച്ചെറിയുന്നത് ഒഴിവാക്കുന്നതിനായി തിരക്കുള്ള കേന്ദ്രങ്ങളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം മുതൽ മാലിന്യ സംസ്കരണത്തിൽ വീഴ്ച വരുത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ടിൽ കുറവ് വരുത്തുകയും ആ തുക മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കുന്ന സ്ഥാപനങ്ങൾക്ക് ഇൻസെന്റീവായി നൽകുകയും ചെയ്യും. മാലിന്യമുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള നാഷണൽ സർവീസ് സ്കീമും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് 3000 സ്ഥലങ്ങൾ കണ്ടെത്തി സ്നേഹാരാമങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ട്. മണ്ഡലങ്ങളിൽനിന്ന്

മാലിന്യം ശേഖരിച്ച് ക്ലീൻ കേരള കമ്പനിവഴി നീക്കം ചെയ്യാൻ എം.എൽ.എ.-മാർ മുൻകൈയെടുക്കണം. പ്രവർത്തനക്ഷമമല്ലാത്ത 'ടേക്ക് എ ബ്രേക്ക്' കേന്ദ്രങ്ങൾ കുടുംബശ്രീക്ക് കൈമാറി പ്രവർത്തനക്ഷമമാക്കാനുള്ള നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ മാലിന്യമുക്തമാക്കുക എന്ന ഉദ്ദേശ്യമാണ് നിയമഭേദഗതിക്കുള്ളത്. മാലിന്യമുക്ത നവകേരളം സാക്ഷാത്കരിക്കാൻ കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാവരുടെയും പിന്തുണ ഉണ്ടാകേണ്ടതാണ്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

1. 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

148, 149 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

160, 161 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

163, 164, 165, 168, 173, 175, 177, 179 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അഞ്ചാം വകുപ്പ്

181, 186, 188, 191, 193, 197, 201, 202, 205, 207, 210, 215, 217, 219, 220, 221, 227 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

219. ഖണ്ഡം 5(iii) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326(3)-ൽ " ആക്റ്റിനും" എന്നതിന് പകരം " ആക്റ്റിലോ" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

231, 233, 234, 235, 239, 240, 241, 248, 249, 250, 255, 256, 257, 261, 263, 264, 268, 278, 279, 280, 281, 282, 283, 284, 290, 297, 300, 301, 302, 306, 310, 312, 317, 318, 321, 322, 323, 326, 327, 334, 337, 338, 339, 340, 345, 347, 348, 349, 350, 352, 353, 354, 355, 360, 363, 366, 371, 375, 377, 379, 385, 386, 387, 388, 389, 390, 391, 396, 398, 401, 402, 404, 405, 410, 415, 416, 424 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു:

350. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 326 സി (1)-ൽ " വീടുകൾക്കും" എന്നതിന് പകരം " വീടുകളുടെയും" എന്ന് ചേർക്കുക.

353. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 326 സി (2)-ൽ " ഏതൊരു ആളിന്റെയുംമേൽ" എന്നതിന് പകരം " ഏതൊരാളിന്റെയും മേൽ" എന്നത് ചേർക്കുക.

410-ാം നമ്പർ ഭേദഗതി ശബ്ദവോട്ടോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഏഴാം വകുപ്പ്

427, 431, 432, 436, 442, 443, 448, 450, 455 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു:

442. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 327 (4)ൽ " ഏതൊരു ആളുടെയും" എന്നതിനു പകരം " ഏതൊരാളുടെയും" എന്ന് ചേർക്കുക.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എട്ടാം വകുപ്പ്</u>

463-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒൻപതാം വകുപ്പ്</u>

469, 471, 472, 473, 476, 478, 485, 486 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

480. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 329(1)-ൽ " ഏർപ്പാടാക്കേണ്ടതാണ്" എന്നതിന് പകരം " ഏർപ്പെട്ടുത്തേണ്ടതാണ്" എന്ന് ചേർക്കുക.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു:

469. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 329(1)-ൽ " വലിയ" എന്നത് ഒഴിവാക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്താം വകുപ്പ്</u>

487, 488, 489, 490, 494, 498, 500, 504, 509, 513 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

496. ഖണ്ഡം 10(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 331(1 എ)-ൽ "ആർജ്ജിക്കേണ്ടതാണ്" എന്നതിന് പകരം "ആർജ്ജിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനൊന്നാം വകുപ്പ്

514, 517, 519, 523, 530, 533, 539, 541, 542, 547, 548, 549, 556, 557, 561, 565, 566, 567, 568, 569 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു:

517. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 332 എ-ൽ " ചെയ്യുന്നുവെങ്കിൽ," എന്നതിന് പകരം " ചെയ്യുന്ന പക്ഷം" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പന്ത്രണ്ടാം വകുപ്പ്

578, 580, 584, 585, 586, 587 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിമൂന്നാം വകുപ്പ്

596, 597, 600, 601, 603, 604, 605, 608, 612, 615, 616, 617, 619 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാലാം വകുപ്പ്</u>

622, 624, 625, 627, 633, 645, 646, 647 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനഞ്ചാം വകുപ്പ്</u>

649, 650, 652, 654, 656, 660, 663, 664, 665, 666 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാറാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340(1)-ൽ " പ്രവർത്തികൾ" എന്നതിന് പകരം " പ്രവൃത്തികൾ" എന്ന് ചേർക്കുക.

670, 671, 672, 674, 675, 680, 681, 682, 683, 687, 690, 704 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു:

687. ഖണ്ഡം 16 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340(2)-ൽ " പ്രവർത്തി" എന്നതിന് പകരം " പ്രവൃത്തി" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനേഴാം വകുപ്പ്</u>

708, 712, 713, 714, 722 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനെട്ടാം വകുപ്പ്</u>

727, 728, 729, 733, 737, 742, 743, 744, 745, 746, 749, 750 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു:

745. ഖണ്ഡം 18 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 340 ബി(4)-ൽ " സെക്രട്ടറി നീക്കം ചെയ്യേണ്ടതും" എന്നതിന് പകരം " നീക്കം ചെയ്യുന്നതിന് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതും" എന്നത് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്തൊമ്പതാം വകുപ്പ്</u>

(ഭേദഗതിയില്ല )

പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപതാം വകുപ്പ്</u>

754, 759, 760, 761, 762 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയൊന്നാം വകുപ്പ്</u>

(ഭേദഗതിയില്ല )

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തി രണ്ടാം വകുപ്പ്</u>

768, 773 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഇരുപത്തി രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തി രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തി മൂന്നാം വകുപ്പ്</u>

778, 779 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഇരുപത്തി മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തി മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തി നാലാം വകുപ്പ്</u>

(ഭേദഗതി അവതരിപ്പിച്ചില്ല)

ഇരുപത്തി നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തി നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയഞ്ചാം വകുപ്പ്</u>

785, 786, 787, 792, 795, 799 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയാറാം വകുപ്പ്

806, 807 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

109, 114, 117, 122, 125, 130, 136, 139 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പ്രമേയത്തെ പിന്താങ്ങുന്നു.

2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (iii) 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

### രണ്ടാം വകുപ്പ്

162 എ നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി

### മൂന്നാം വകുപ്പ്

170, 174, 175 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി

നാലാം വകുപ്പ്

189, 191, 193, 198, 199, 200, 202, 203, 205, 214, 216, 218, 219, 220, 221, 225, 227, 228, 232, 233, 234, 235, 239, 240, 245, 248, 251, 258, 266, 267, 269 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി

അഞ്ചാം വകുപ്പ്

270, 283, 289, 295, 296, 297, 300, 302, 303, 304, 305, 306, 308, 318, 320, 321, 323, 324, 326, 329, 336, 337, 338, 342, 344, 349, 351, 352, 353, 360, 364, 369, 370, 375, 379, 385, 388, 391, 394, 395, 407, 408, 410, 414, 417, 420, 428 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

430, 431, 433, 435, 439, 445, 446, 447, 451, 452, 454, 455, 456, 457, 458, 459, 468, 473, 474, 476, 477, 479, 486, 490, 491, 496, 497, 498, 499, 500, 506, 511, 512, 513, 514, 519, 521, 523, 535, 536, 542, 544, 546, 547, 548, 551, 553, 558, 564, 566, 568, 569, 575, 576, 577, 578, 580, 581, 587, 589, 590, 603, 604, 605, 607, 609, 618, 619, 620, 621, 622, 623, 624, 626, 629, 631, 632, 634, 635, 636, 650, 651, 652, 653, 654, 655, 663 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

578. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എസി(1)-ൽ " വീടുകൾക്കും" എന്നതിന് പകരം " വീടുകളുടെയും" എന്ന് ചേർക്കുക.

587. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എസി (2)-ൽ, " ഏതൊരു ആളിന്റെയും" എന്നതിന് പകരം " ഏതൊരാളിന്റെയും" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

650-ാം നമ്പർ ഭേദഗതി ശബ്ദ വോട്ടോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

666, 669, 672, 682, 683, 689, 692, 698 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എട്ടാം വകുപ്പ്</u>

706-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഒൻപതാം വകുപ്പ്

713, 715, 716, 717, 718, 721, 723, 725, 730, 731 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു:

713. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 ഡി(1)-ൽ " വലിയ" എന്നത് ഒഴിവാക്കുക.

725. ഖണ്ഡം 9 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 ഡി(1)-ൽ "ഏർപ്പാടാക്കേണ്ടതാണ്" എന്നതിന് പകരം "ഏർപ്പെടുത്തേണ്ടതാണ്" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്താം വകുപ്പ്</u>

732, 733, 737, 739, 743, 745, 750, 757, 761, 762 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

740. ഖണ്ഡം 10(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഫ്(1 എ)-ൽ " ആർജ്ജിക്കേണ്ടതാണ്" എന്നതിന് പകരം " ആർജ്ജിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനൊന്നാം വകുപ്പ്

766, 767, 781, 782, 793, 795, 803, 808, 809, 812, 813, 814, 815, 816, 819, 823, 825, 829, 830, 831, 832, 834, 839, 840, 846 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു:

766. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എഫ്എ-ൽ "ചെയ്യുന്നുവെങ്കിൽ" എന്നതിന് പകരം "ചെയ്യുന്ന പക്ഷം" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പന്ത്രണ്ടാം വകുപ്പ്</u>

850, 852, 853, 854, 859, 863, 871 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിമൂന്നാം വകുപ്പ്</u>

878, 881, 885, 894, 895, 896 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാലാം വകുപ്പ്</u>

906, 907, 908, 910, 912, 913, 915, 919, 921 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

ബില്ലിലെ 14-ാം ഖണ്ഡത്തിൽ 219 എൻ വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ " പ്രവർത്തികൾ" എന്ന വാക്കിന് പകരം " പ്രവൃത്തികൾ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു:

912. ഖണ്ഡം 14(2) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 എൻ(2)-ൽ " പ്രവർത്തി" എന്നതിന് പകരം " പ്രവൃത്തി" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനഞ്ചാം വകുപ്പ്</u>

931, 933, 934, 947 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാറാം വകുപ്പ്</u>

(ഭേദഗതിയില്ല)

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനേഴാം വകുപ്പ്</u>

948, 951, 953, 957, 959, 961, 962 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു:

961. ഖണ്ഡം 17 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 219 യു(4)-ൽ " സെക്രട്ടറി നീക്കം ചെയ്യേണ്ടതും" എന്നതിന് പകരം " നീക്കം ചെയ്യുന്നതിന് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതും" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനെട്ടാം വകുപ്പ്

972, 973, 974, 975, 976, 980, 982, 983, 984, 986, 990 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്തൊൻപതാം വകുപ്പ്</u>

991, 992, 993, 998, 999, 1000, 1001, 1002, 1003, 1004 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപതാം വകുപ്പ്</u>

1008-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി നിരാകരിച്ചു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയൊന്നാം വകുപ്പ്</u>

1013-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി നിരാകരിച്ചു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിരണ്ടാം വകുപ്പ്

1014-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി നിരാകരിച്ചു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിമൂന്നാം വകുപ്പ്

(ഭേദഗതിയില്ല)

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിനാലാം വകുപ്പ്

1016, 1023, 1027, 1031 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയഞ്ചാം വകുപ്പ്

1035, 1036 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിച്ചു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

108, 109, 114, 122, 123, 132, 135, 147, 151 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): പ്രമേയത്തെ പിന്താങ്ങുന്നു.

2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(സഭ രാത്രി 7.19-ന് പിരിഞ്ഞു.)

***